400
VOL. 17 | ISSUE 12
Pages 12

# ഹാലേലൂയ്യ

16-30 JUNE, 2013 • ക്രൈസ്തവ ദ്വൈവാരിക
Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

## ഡോ.റ്റി.ജി.കോശിയെ ആദരിച്ചു




*ഡോ.റ്റി.ജി.കോശിക്ക് ഫലകം നൽകി ആദരിച്ചപ്പോൾ (ഇടത്തു നിന്ന്) സിസ്റ്റർ ജാനറ്റ് സജി, മിസിസ് ഏലിയാമ്മ കോശി, പാസ്റ്റർ സജി മാത്യു, പാസ്റ്റർ ബാബു ഏബ്രഹാം, പാസ്റ്റർ ബാബു സാമുവേൽ, പാസ്റ്റർ സാബു തോമസ്, പാസ്റ്റർ തോമസ് മുല്ലക്കൽ*

കാനുവേൽ, ദാദ്രാ നഗർ ഹവേലി: മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സ്ഥാപകനും ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റുമായ ഡോ.റ്റി.ജി.കോശിയെ ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ആദരിച്ചു. ആറ് പതിറ്റാണ്ടോളം ഭാരതത്തിലെ തിയോളജിക്കൽ രംഗത്തും ആത്മീയ മണ്ഡലത്തിലും നൽകിയ നിരവധി സംഭാവനകളെ മുൻനിർത്തിയാണ് 80 വയസ് കഴിഞ്ഞും ശുശ്രൂഷയിൽ സജീവ സാന്നിദ്ധ്യമായി നിൽക്കുന്ന കോശി സാറിന് ഫലകം നൽകി അനുമോദിച്ചത്. കേന്ദ്രഭരണ പ്രദേശമായ ദാദ്രാ നഗർ ഹവേലിയിലെ കാനുവലിന് സമീപമുള്ള ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ പുതിയ ബൈബിൾ സ്കൂൾ കെട്ടിടത്തിന് സമീപം നടന്ന സമ്മേളനത്തിന് വൻ ജനാവലി സാക്ഷ്യം വഹിച്ചു.

മണക്കാല സെമിനാരിയിലെ മുൻ വിദ്യാർത്ഥിയും ഫെലോഷിപ്പ് ആശ്രം ചർച്ച് ഡയറക്ടറുമായ പാസ്റ്റർ സജി മാത്യുവാണ് ഡോ.റ്റി.ജി.കോശിക്ക് ഫലകം കൈമാറിയത്. സിസ്റ്റർ ജാനറ്റ് സജി മാത്യു മിസസ് ഏലിയാമ്മ കോശിക്ക് അനുമോദനത്തിന്റെ പുതപ്പണിയിച്ചു.

മണക്കാല സെമിനാരി പൂർവ്വ വിദ്യാർത്ഥിയായ തോമസ് മുല്ലക്കൽ അവതരിപ്പിച്ച ഡോ.റ്റി.ജി.കോശിയുടെ ജീവിതരേഖയിൽ കോശി സാറിന്റെ ജീവിതവും ശുശ്രൂഷയും സ്വാധീനവും വിശദീകരിച്ചു. കണ്ണീരിൽ കുതിർന്ന കോശി സാറിന്റെ മറുപടി പ്രസംഗം സദസ്സിന് മറക്കാനാവാത്ത അനുഭവമായിരുന്നു.

ഫെലോഷിപ്പ് ആശ്രം തിയോളജിക്കൽ കോളജിന്റെ പുതിയ കെട്ടിടം ഡോ.റ്റി.ജി.കോശി പ്രതിഷ്ഠിച്ചതിന് ശേഷം നടന്ന സമ്മേളനത്തിൽ വിവിധ സഭകളെ പ്രതിനിധീകരിച്ച് പാസ്റ്റേഴ്സ് ആശംസകൾ അറിയിച്ചു. ഗുജറാത്ത് സ്റ്റേറ്റ് ശാരോൻ പ്രസിഡന്റ് പാസ്റ്റർ ബാബു ശാമുവേൽ, ഐ.പി.സി. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ സാബു തോമസ് എന്നിവരെക്കൂടാതെ പാസ്റ്റർമാരായ ബാബു ഏബ്രഹാം, ഗോമസ് ഡി.സിൽവ, സന്തോഷ് തോമസ്, ജോബി റ്റി.രാജൻ, വി.ജെ. ജോസഫ്, രമേശ് ഗാമിത്, രമേശ് ചൗധരി, ശിവദാസ് നായിക്ക്, ജാക്സൺ എം.കുര്യൻ, ഗീവർഗീസ് തോമസ് എന്നിവർ ആശംസകൾ നേർന്നു. പൂർവ്വവിദ്യാർത്ഥികളായ കമലേശ്, പ്രവീൺ സോളങ്കി, ഭരത് പവാർ, മോഹൻ മേതിൽ എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ഫെലോഷിപ്പ് ആശ്രം ക്വയർ ആരാധനക്ക് നേതൃത്വം നൽകി.

## ഹൃദയപൂർവ്വം നന്ദിയോടെ 400–ാമത് ലക്കം



ഹാലേലൂയ്യായുടെ 400–ാമത് ലക്കമാണിത്. കഴിഞ്ഞ 17 വർഷങ്ങൾക്ക് മുൻപ് പാസ്റ്റർ പി.എം. ഫിലിപ്പുസാർ പ്രാർത്ഥിച്ച് പ്രകാശനം നിർവ്വഹിച്ചതുമുതൽ ഈ ലക്കം വരെ ദൈവകൃപ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. അക്ഷരങ്ങളിലൂടെ ആത്മീയശുശ്രൂഷ എന്ന ദൈവനിയോഗം ഏറ്റെടുത്തപ്പോൾ കൈത്താങ്ങൽ നൽകിയ, പ്രോത്സാഹിപ്പിച്ച ആയിരക്കണക്കിന് വായനക്കാർക്കും സഹകാരികൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

മലയാളി പെന്തെക്കോസ്തു സമൂഹത്തിന്റെ സ്പന്ദനങ്ങളെ മറ്റേതു പ്രസിദ്ധീകരണങ്ങളേക്കാളും ഭംഗിയായി ഒപ്പിയെടുക്കുവാനും വായനക്കാരിൽ എത്തിക്കുവാനും ഹാലേലൂയ്യായ്ക്കു സാധിച്ചു എന്നത് അഭിമാനത്തോടെ പറയട്ടെ. പെന്തെക്കോസ്തു സമൂഹത്തെ ബാധിക്കുന്ന വിഷയങ്ങളിൽ വ്യക്തമായ നിലപാടുകളെടുക്കുവാൻ ദൈവം ഞങ്ങൾക്ക് ശക്തിപകർന്നു.

തുടർന്നും ഹാലേലൂയ്യാ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക. എല്ലാ വായനക്കാർക്കും ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊണ്ട് ക്രിസ്തുവിൽ

*സുവി. സാംകുട്ടി ചാക്കോ നിലമ്പൂർ*
*ചീഫ് എഡിറ്റർ*

## പിസിനാക്ക് ജൂലൈ നാലുമുതൽ കണക്ടിക്കട്ടിൽ



Rev. K.C. John | Rev. R. Abraham | Rev. Mathew Barnett | Rev. Sam P. Chelladurai | Rev. Zac Poonnen | Rev. Tobey Montgomery | Rev. Noble P. Thomas | Sis. Padma Mudaliar

ന്യൂയോർക്ക്: ജൂലൈ 4–7 വരെ കണക്ടിക്കട്ടിൽ നടക്കുന്നതും നോർത്ത് അമേരിക്കൻ പെന്തക്കോസ്ത് മലയാളികളുടെ ഐക്യവേദിയുമായ പിസിനാക്ക് വീണ്ടും വരവായി. ഈ വർഷം നടക്കുന്നത് 31–ാമത് കോൺഫറൻസാണ്. കഴിഞ്ഞ 30–ൽപരം വർഷങ്ങൾ മുടക്കം കൂടാതെ നടന്നു വന്ന ഈ ആത്മീയ ഐക്യ സംഗമം ഈ വർഷം ഭംഗിയായി നടക്കുവാൻ വേണ്ട ക്രമീകരണങ്ങൾ എല്ലാം തന്നെ പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. 31–ാമത് കോൺഫറൻസിനെക്കുറിച്ചുള്ള ആശങ്കകളും അസ്വസ്ഥതകളും തുടക്കത്തിൽ തന്നെ ചില കേന്ദ്രങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും ആശങ്കകൾക്കതീതമായി 31–ാമത് കോൺഫറൻസ് അനുഗ്രഹമായി നടത്തുന്നതിന് നേതൃത്വപാടവം തെളിയിച്ച് നാഷണൽ–ലോക്കൽ കമ്മിറ്റിയുടെ കർമ്മോത്സുകതയും ദൈവദാസന്മാരുടെയും വിശ്വാസികളുടെയും നിർലോഭമായ പ്രോത്സാഹനവും പ്രേരണയും ആയിരുന്നു ഭാരവാഹികൾക്ക് ഉത്തേജനമായി തീർന്നത്. അവർ ഞങ്ങൾക്ക് നല്കിയ പ്രോത്സാഹനവും സഹകരണവും നന്ദിയോടെ സ്മരിക്കുകയാണന്ന് നാഷണൽ സെക്രട്ടറി രാജൻ ആര്യപ്പള്ളിൽ അറിയിച്ചു.

അനുഭവ സമ്പത്തും ജ്ഞാനവും നേടിയ സുപ്രസിദ്ധരായ ദൈവദാസന്മാരും പ്രമുഖ ഗായകരും ഈ വർഷത്തെ കോൺഫറൻസിന് എത്തിച്ചേരും. കടന്നു വരുന്ന ജനത്തിന്റെ ആത്മീയ അനുഗ്രഹത്തോടൊപ്പം തന്നെ കോൺഫറൻസ് ഹാളിനടുത്ത് തന്നെ താമസ സൗകര്യവും ഭക്ഷണവും ക്രമീകരിച്ചിരിക്കുന്നത് ഈ കോൺഫറൻസിന്റെ പ്രത്യേകതയാണെന്നും നാഷണൽ കൺവീനർ പാസ്റ്റർ സണ്ണി ഫിലിപ്പ് അറിയിച്ചു. ഇതിനോടകം തന്നെ അമേരിക്കയുടെ വിവിധ പട്ടണങ്ങളിൽ പ്രമോഷണൽ മീറ്റിംഗ് നടന്നു കഴിഞ്ഞു. ഫ്ളോറിഡ, ടെന്നസ്സി, ഹൂസ്റ്റൺ, ഒക്കലഹോമ, ഡിട്രോയിറ്റ്, പെൻസിൽവേനിയ, ചിക്കാഗോ എന്നീ സ്ഥലങ്ങളിൽ നടന്ന പ്രമോഷണൽ മീറ്റിംഗ് വൻ വിജയമായിരുന്നു. അടുത്ത മീറ്റിംഗ് ജൂൺ 9 ന് ന്യുയോർക്കിൽ വെച്ചും അതിനുശേഷം ഡാളസ്, അറ്റ്ലാന്റാ എന്നിവിടങ്ങളിലും നടത്തുവാനുള്ള ക്രമീകരണങ്ങളും പൂർത്തിയായി.

*(ശേഷം 2–ാം പേജിൽ)*

## പാസ്റ്റർ ജോയി ജോർജ്ജ് നിര്യാതനായി



എറണാകുളം: ശാരോൻ ഫെലോഷിപ്പ് സഭ നോർത്തേൺ റീജിയൻ കോർഡിനേറ്റർ പാസ്റ്റർ ജോയി ജോർജ്ജ് (56) ജൂൺ 3–ന് നിര്യാതനായി. ഡൽഹി കേന്ദ്രീകരിച്ച് ശാരോൻ സഭാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ഒമാൻ പെന്തെക്കോസ്ത് അസംബ്ലി, കുവൈറ്റ് ക്രിസ്ത്യൻ ഫെലോഷിപ്പ്, ഷാർജാ, ദുബായ് ശാരോൻ സഭകൾ എന്നിവിടങ്ങളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. അടൂർ സ്വദേശിയാ ഇദ്ദേഹം ദുബായിൽ ശാരോൻ സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകവേയാണ് രോഗബാധിതനായി നാട്ടിലേക്ക് പോന്നത്.
രോഗത്തെ തുടർന്ന് ചില നാളുകളായി എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.
ഭാര്യ: മോളമ്മ, മക്കൾ: ജൻസൺ, പ്രിൻസി


## ചൂ നാം തോമസ് സ്വർഗ്ഗയാത്ര പൂർത്തിയാക്കി

വാഷിംഗ്ടൺ: സ്വർഗ്ഗയാത്രകളുടെ വിവരണവുമായി 'ഹെവൻ ഈസ് സോ റിയൽ' എന്ന ബെസ്റ്റ് സെല്ലർ പുസ്തകമെഴുതിയ ചൂ നാം തോമസ് സ്വർഗ്ഗയാത്ര പൂർത്തിയാക്കി. മകനോടൊപ്പം വിശ്രമ ജീവിതം നയിച്ചിരുന്ന ചൂ 74–ാം വയസിലാണ് നിത്യതയിലേക്ക് പ്രവേശിച്ചത്. മലയാളമുൾപ്പെടെ 43 ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട 'സ്വർഗ്ഗം യാഥാർത്ഥ്യമാണ്' എന്ന ഗ്രന്ഥത്തിന്റെ ലക്ഷക്കണക്കിന് കോപ്പികൾ ലോകമെങ്ങും വായിക്കപ്പെട്ടു. പതിനായിരങ്ങൾ ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ ഈ ഗ്രന്ഥം മുഖാന്തിരമായിട്ടുണ്ട്. മലയാളത്തിൽ ന്യൂ ഇന്ത്യാ ചർച്ച് ഓഫ്



ഗോഡ് പ്രസിഡന്റ് പാസ്റ്റർ വി.എ.തമ്പിയുടെ ഭാര്യ മറിയാമ്മ തമ്പിയാണ് ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചത്.

കൊറിയൻ വംശജയായി ജപ്പാനിൽ ജനിച്ച ചൂ നാം തോമസ് 1992




-ൽ രക്ഷിക്കപ്പെട്ടു. 1995 മുതലാണ് യേശുവിനോടൊപ്പം സ്വർഗ്ഗയാത്ര നടത്തുന്ന അസാധാരണ അനുഭവങ്ങൾ ഉണ്ടാകുന്നത്. ഈ അനുഭവങ്ങൾ പ്രസിദ്ധീകരിക്കുന്നതുവരെ ഒരു സാധാരണ വീട്ടമ്മയായിരുന്നു. പുസ്തകം ബെസ്റ്റ് സെല്ലറായതോടെ ലോകമെങ്ങും അറിയപ്പെടുന്ന സുവിശേഷകയായി മാറി. പാസ്റ്റർ യോംഗീചോ ഈ പുസ്തകത്തെ പ്രകീർത്തിച്ചിട്ടുണ്ട്.

E-mail: hallelujahnews@gmail.com

# നന്ദിയുടെ പൂച്ചെണ്ടും.. പിന്നെ, മുൾച്ചെണ്ടും!

താങ്ക്സ്-ഗിവിംഗ് ഡേ പാശ്ചാത്യരുടെ ഇടയിലെ പുണ്യദിനങ്ങളിൽ ഒന്നാണ്. വയലിൽ ലഭിച്ച ഫലത്തിന് ദൈവത്തോടുള്ള കടപ്പാടും നന്ദിയും അർപ്പിക്കുവാൻ യിസ്രായേൽ മക്കൾക്ക് ദൈവം കൊയ്ത്തുപെരുന്നാൾ നിയമിച്ചിരുന്നു. പാശ്ചാത്യ രാജ്യങ്ങളിലെ താങ്ക്സ്-ഗിവിംഗ് ഡേ-യുടെയും വേരുകൾ ചെന്നെത്തുന്നത് വയലിൽ ദൈവത്തിൽ നിന്നും ലഭിച്ച ഫലത്തിനുള്ള നന്ദിപറച്ചിലിലാണ്. അമേരിക്കയിൽ താങ്ക്സ്-ഗിവിംഗ് ഡേ നവംബർ നാലാം വ്യാഴാഴ്ച ആചരിക്കുന്നു. അലങ്കരിച്ച വനങ്ങളിൽ ഫലമൂലാദികൾ പ്രദർശിപ്പിക്കുകയും പൂക്കൾ ക്രമീകരിക്കുകയുമൊക്കെ ഈ ആഘോഷത്തിന്റെ ഭാഗമാണ്. ദേശീയ ആഘോഷദിനങ്ങളിൽ ഒന്നായി അംഗീകരിക്കപ്പെട്ട താങ്ക്സ്-ഗിവിംഗ് ഡേ ഇപ്പോൾ മതത്തിന്റെ ചുറ്റുമതിലിൽ നിന്നും പുറത്തുചാടി കൂടുതൽ ജനകീയമായിട്ടുണ്ട്.

സാന്ദ്ര ജെന്നിയുടെ പൂക്കടയിൽ ചെന്നത് താങ്ക്സ്-ഗിവിംഗ് ഡേയിലേക്കുള്ള ഒരു പൂച്ചെണ്ടു വാങ്ങുവാനാണ്. പക്ഷേ, കടയിലേക്കുള്ള ആ യാത്ര കണ്ണീരൊഴുക്കിയുള്ളതായിരുന്നു. നവംബറിലെ മഞ്ഞുകണികകളെ വൈപ്പർ തുടച്ചു നീക്കുമ്പോൾ ആ വർഷം അവളുടെ ജീവിതത്തിൽ പെയ്തിറങ്ങിയ നൊമ്പരാനുഭവങ്ങൾ അവൾ അയവിറക്കി. ഈ നവംബറിൽ ഒരു അമ്മയാകേണ്ട അവൾക്ക് ആറുമാസം മുമ്പുണ്ടായ വാഹനാപകടം അബോർഷനിലെത്തിച്ചു. മാത്രമല്ല, തന്റെ ഭർത്താവിനെ ജോലിചെയ്യുന്ന സ്ഥാപനം അയൽസംസ്ഥാനത്തേക്ക് സ്ഥലം മാറ്റി. അതുപോരാ എന്ന നിലയിൽ താങ്ക്സ്-ഗിവിംഗ് ഡേ പ്രമാണിച്ച് ഒരാഴ്ച കൂടെയുണ്ടാവുമെന്ന് ഉറപ്പുപറഞ്ഞ ഇളയസഹോദരിക്ക് ഇപ്പോൾ വരുവാൻ കഴികയില്ലെന്നും അറിയിച്ചിരിക്കുന്നു!

ദൈവം തന്നോട് ഇത്രക്രൂരമായി പെരുമാറുന്നത് എന്തെന്ന ചോദ്യത്തിന് സാന്ദ്രയ്ക്ക് ഉത്തരം ലഭിച്ചില്ല. ദൈവത്തോടുള്ള വെറുപ്പ് ഉള്ളിൽ കരുതിനടന്ന സാന്ദ്രയെ കൂട്ടുകാരികൾ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ: നിങ്ങൾക്ക് ഇതുവരെ ഒരു മകനെ നഷ്ടമായിട്ടില്ലല്ലോ, പിന്നെങ്ങനെ എന്റെ ദു:ഖം തിരിച്ചറിയാനാവും എന്നുപറഞ്ഞ് അവൾ അവരോടു പൊട്ടിത്തെറിച്ച രംഗങ്ങൾ അവളുടെ മനസ്സിലൂടെ തെന്നിമാറിക്കൊണ്ടിരുന്നു. അപ്പോഴേക്കും അവൾ ജെന്നിയുടെ ഫ്ളവർ ഷോപ്പിലെത്തിക്കഴിഞ്ഞു.

ഹായ്, ഗുഡ് മോർണിംഗ്.. താങ്കൾക്ക് എന്താണാവശ്യം എന്നുപറഞ്ഞ് സാന്ദ്രയെ സ്വീകരിച്ച ജെന്നി അവളുടെ കവിളുകളിലെ കണ്ണീർചാലുകൾ ശ്രദ്ധിച്ചു. നിരാശനിറഞ്ഞ മുഖത്തോടുകൂടെ സാന്ദ്ര അറിയിച്ചു: താങ്ക്സ്-ഗിവിംഗ് ഡേയ്ക്കായി ഒരു പൂച്ചെണ്ടുവേണം. അപ്പോൾ ജെന്നി വാചാലയായി: മാഡം, ഞാൻ ഒരുക്കുന്ന ഓരോ പൂച്ചെണ്ടുകൾക്കും ഓരോ കഥപറയുവാനുണ്ടാവുമെന്ന് എനിക്ക് നന്ദായറിയാം. താങ്കളുടെ ഹൃദയവികാരം എന്റെ പൂച്ചെണ്ടിൽ ഉൾക്കൊള്ളിക്കുവാൻ ഞാൻ സമർത്ഥയാണ്! താങ്കൾക്കു ദൈവത്തോടു വളരെ നന്ദിയുണ്ടെന്ന് ഞാൻ കരുതട്ടെ? സാന്ദ്ര പരുക്കൻ സ്വരത്തോടുപറഞ്ഞു: അങ്ങനെയൊന്നുമില്ല; കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ വേദനകൾ മാത്രമെ എനിക്കു ലഭിച്ചിട്ടുള്ളു.

അവളുടെ ഹൃദയനൊമ്പരം തിരിച്ചറിഞ്ഞിട്ടു ജെന്നി പറഞ്ഞു: അങ്ങനെയെങ്കിൽ മാഡത്തിന് ചേരുക ഞങ്ങളുടെ താങ്ക്സ്-ഗിവിംഗ് സൂപ്പർ സ്പെഷ്യൽ ആയിരിക്കും. സാന്ദ്രയുടെ കണ്ണുകളിൽ ആകാംഷ മിന്നിമറയുന്നത് ശ്രദ്ധിച്ച ജെന്നി: ദയവായി ഇരിക്കൂ, ഞാൻ ഉടനെ വരാം എന്നുപറഞ്ഞ് അകത്തേക്കു പോയി. അഞ്ചു മിനിറ്റിനകം അവൾ പൂക്കളില്ലാത്ത ഒരു ഇലച്ചെണ്ടുമായെത്തി. അലങ്കരിച്ച ഇലച്ചെണ്ടിൽ മഴവില്ലിന്റെ ആകൃതിയിൽ മുള്ളുകൾ നിറഞ്ഞ റോസത്തണ്ടുകൾ മാത്രം!

ഇലച്ചെണ്ടു കാണിച്ചു തന്നെ കളിയാക്കുകയാണോ എന്ന് സംശയിച്ചുനിന്ന സാന്ദ്രയോട് ജെന്നി പറ

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



ഞ്ഞു: മാഡം, ഇതിന് താങ്ക്സ്-ഗിവിംഗ് മുൾച്ചെണ്ടെന്നാണ് വിളിക്കുക. ഇവിടെ ഇതിനു ആവശ്യക്കാർ വളരെയാണ്. ഇപ്പോൾ ഇത് ആ സുഹൃത്തിനുവേണ്ടി ഒരുക്കിയതാണെന്നു പറഞ്ഞു തീരുംമുമ്പായി കസ്റ്റമർ സന്തോഷത്തോടെ ആ മുൾച്ചെണ്ടുമായി നടന്നു നീങ്ങി. സാന്ദ്രയ്ക്കു വിശ്വസിക്കാനായില്ല. അവൾ അറിയാതെ ചോദിച്ചുപോയി: ആരെങ്കിലും പൂക്കളില്ലാത്ത ഇലച്ചെണ്ട്, അല്ല, മുൾച്ചെണ്ട് വിലകൊടുത്തു വാങ്ങുമോ, വീട്ടിൽ വയ്ക്കുമോ?

ജെന്നി: മാഡം, ഇപ്പോൾ പോയത് ബാർബറ. മൂന്നുവർഷം മുമ്പ് അപ്പൻ കാൻസർ ബാധിച്ചു മരിച്ചു. ഫാമിലി ബിസിനസ്സ് തകർന്നു. മകൻ മയക്കുമരുന്നിന്നടിമയായി. ഭർത്താവിനു മേജർ സർജറി നടന്നു. വളരെ നിരാശയോടെയാണ് ആ താങ്ക്സ്-ഗിവിംഗ് ഡേയ്ക്കുള്ള ഫ്ളവറിനു ബാർബറ ഇവിടെ വന്നത്. ഞാൻ അവളെ മുള്ളുകൾക്കുവേണ്ടി നന്ദി പറയാൻ പഠിപ്പിച്ചു! മുള്ളുകൾക്കുവേണ്ടി നന്ദിയോ? സാന്ദ്രയ്ക്കു വിശ്വസിക്കാനായില്ല. അതേ, മാഡം! ഞാൻ ഒരു ക്രിസ്തുവിശ്വാസിയാണ്. മൂന്നുകൊല്ലം മുമ്പ് എന്റെ ഭർത്താവു മരിച്ചു. എനിക്കു മക്കളില്ല. ഈ ബിസ്സിനസ്സിന്റെ ഉത്തരവാദിത്വം എന്റെ ചുമലിൽ വന്നു. ഭാരിച്ച കടബാധ്യതയുമുണ്ടായിരുന്നു. അന്നുമുതലാണ് ഞാൻ മുള്ളുകൾക്കു ദൈവത്തോടു നന്ദിപറയുവാൻ പഠിച്ചത്.

സാന്ദ്ര പറഞ്ഞു: ഇപ്പോളും എനിക്കറിയില്ല, മുള്ളുകൾക്ക് എങ്ങനെ നന്ദിപറയുമെന്ന്. ജെന്നി: മാഡം, ഈ മുള്ളുകളാണ് റോസാപുഷ്പത്തിന്റെ ഭംഗി വർദ്ധിപ്പിക്കുന്നത്. യേശു വഹിച്ച മുൾക്കിരീടമാണ് ഇപ്പോൾ അവിടുത്തെ ശിരസ്സിലണിഞ്ഞിട്ടുള്ള പൊൻകിരീടത്തിന്റെ ശോഭ വർദ്ധിപ്പിക്കുന്നത്. നമ്മുടെ കഷ്ടങ്ങൾ ദൈവസ്നേഹവും സാന്നിദ്ധ്യവും കൂടുതൽ അടുത്തറിയുവാനുള്ള അവസരങ്ങളാണ്. അതുകൊണ്ട് ജീവിതത്തിലെ മുള്ളുകളെപ്പറ്റി ഇനിയും ദൈവത്തോടു പിറുപിറുക്കരുത്. അതും ദൈവത്തിനു നന്ദികരേറ്റുവാനുള്ള അവസരമായി കാണുക.

ഇയ്യോബിന് തന്റെ സമ്പത്തുമാത്രമല്ല പത്തുമക്കളും നഷ്ടപ്പെട്ടപ്പോൾ: യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നല്ലേ പറഞ്ഞത്. മാത്രമല്ല, തന്റെ ശരീരം പരുക്കളാൽ ബാധിച്ചപ്പോൾ, ഭാര്യ: നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിച്ചുകളക എന്നു പറഞ്ഞപ്പൾ എന്തായിരുന്നു ഇയ്യോബിന്റെ പ്രതികരണം: ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു; നാം ദൈവത്തിന്റെ കൈയിൽനിന്നു നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളരുതോ! അതേ, നാം ദൈവത്തിൽ നിന്നും നന്മ അനുഭവിക്കുമ്പോൾ നന്ദി പറയുന്നത് എളുപ്പമാണ്. പക്ഷേ, തിന്മ പ്രാപിക്കുമ്പോളും നാം നന്ദിയുള്ളവരായിരിക്കണം. അതെങ്ങനെ സാധിക്കും? നമുക്കു തിന്മയെന്നു തോന്നുന്നത് ദൈവം നമ്മുടെ നന്മയ്ക്കായി ചെയ്യുന്നതാണെന്ന് തിരിച്ചറിയണം. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു.. (റോമർ 8:28)

ജെന്നിയുടെ വാക്കുകളാൽ ധൈര്യം വീണ്ടെടുത്ത സാന്ദ്ര പിന്നെ താമസിച്ചില്ല: എനിക്കു പന്ത്രണ്ടു മുൾത്തണ്ടുകളുള്ള ഒരു ചെണ്ടു തയ്യാറാക്കുക. അതിന് എത്ര ഡോളറാകും? ജെന്നി: ആദ്യമായി മുൾച്ചെണ്ട് ഓർഡർ ചെയ്യുന്നവരോട് ഞാൻ പണം വാങ്ങാറില്ല! ഹൃദയത്തിലുള്ള മുറിവുകൾ ദൈവസ്നേഹത്തിന്റെ ലേപത്താൽ ഉണക്കിയാൽ മതി.

അഞ്ചു മിനിറ്റിനകം മുൾച്ചെണ്ടുമായെത്തിയ ജെന്നി പറഞ്ഞു: ഞാൻ ഒരു കാർഡ് അതിൽ വെച്ചിട്ടുണ്ട്, അത് വായിക്കണം. സാന്ദ്ര ആവശ്യപ്പെട്ടതനുസരിച്ച് ജെന്നി തന്നെ അത് വായിച്ചുകേൾപ്പിച്ചു: ദൈവമേ, ഞാൻ ഒരിക്കലും എന്റെ ജീവിതത്തിലെ മുള്ളുകൾക്കായി അങ്ങേയ്ക്കു നന്ദിപറഞ്ഞിട്ടില്ല. ഞാൻ വഹിക്കുന്ന കുരിശുകളുടെ മഹത്വം എന്നെ പഠിപ്പിക്കണമേ, എന്റെ ജീവിതത്തിൽ അവിടുന്ന് അനുവദിച്ചിട്ടുള്ള മുള്ളുകളുടെ വില മനസ്സിലാക്കാൻ കൃപതരണേ.

## പെന്തക്കോസ്ത് നേഴ്സസ് സമ്മേളനം കണക്കിക്കട്ടിൽ

ന്യൂയോർക്ക്: ജൂലൈ 4 –7 വരെ കണക്കിക്കട്ടിൽ നടക്കുന്ന 31–ാത് പെന്തക്കോസ്ത് സമ്മേളനത്തിൽ പെന്തക്കോസ്തരായ മലയാളി നേഴ്സുമാരുടെ സമ്മേളനം നടക്കും. മറ്റിതര ആത്മീയ പ്രസ്ഥാനങ്ങൾക്ക് സ്വന്തമായി നേഴ്സസ് സംഘടനകളും സമ്മേളനങ്ങളും ഉള്ളപ്പോൾ പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് ഇത്തരം സമ്മേളനങ്ങൾ ക്രമീകരിക്കുവാൻ ഇതുവരെ കഴിഞ്ഞിരുന്നില്ല. വർഷങ്ങളായി ഈ ആവശ്യം ഉന്നയിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള നേഴ്സ്മാർ താല്പര്യം പ്രകടിപ്പിച്ചതനുസരിച്ച് ഇത്തരം സമ്മേളനങ്ങൾ ക്രമീകരിക്കുവാൻ ചിലർ മുമ്പോട്ട് വന്നെങ്കിലും അതെല്ലാം പരാജയപ്പെടുകയാണുണ്ടായത്. എന്നാൽ 31–ാ



*സിസ്റ്റർ മേഴ്സി ഫിലിപ്പ്*

മത് പിസിനാക്കിനോടനുബന്ധിച്ച് നേഴ്സസ് സമ്മേളനം ക്രമീകരിച്ച് റിട്ടയേഡായ നേഴ്സുമാരെ ആദരിക്കുകയും പഴയ ഓർമകൾ പുതുക്കുവാനും അവസരം ഒരുക്കുന്നു.,

അമേരിക്കയിലെ മലയാളി പെന്തക്കോസ്തുകാർക്ക് മറക്കാനാവാത്ത വലിയ സംഭാവനയാണ് നമ്മുടെ

നേഴ്സ് സമൂഹം. നമ്മുടെ കൊച്ചു കേരളത്തിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുമായി നേഴ്സിംഗ് പഠനത്തിനും ജോലിക്കും ശേഷം അമേരിക്കയിൽ ജോലിയോടനുബന്ധിച്ച് കടന്നു വന്നത് മൂലം അനേക കുടുംബങ്ങൾക്ക് ഈ രാജ്യത്ത് എത്തുവാനും ജീവിത സാഹചര്യങ്ങൾക്ക് മാറ്റം വരുത്തുവാനും സാധിച്ചു.

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പിസിനാക്ക് നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ മേഴ്സി ഫിലിപ്പുമായി ബന്ധപ്പെടുക.

## ക്രിസ്ത്യൻ ട്രേഡ് അസോസിയേഷൻ സമ്മേളനം

തിരുവല്ല: സെക്കന്ത്രബാദ് ഒ.എം. ബുക്ക് സെന്ററിൽ ജൂൺ 14–ന് ക്രിസ്തൃൻ ട്രേഡ് അസോസിയേഷന്റെ (സി.റ്റി.എ) സമ്മേളനം ചെയർമാൻ ഡോ.ബാബു കെ.വർഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ജനറൽ സെക്രട്ടറി ഡോ.സി.വി.വടവന ഉദ്ഘാടനം ചെയ്തു.

ഒ.എം.ബുക്ക് ഡയറക്ടർ ജോണി കെ.ജെ, ഐ.എസ്.പി.സി.കെ.ചെയർമാൻ ഡോ.ആസിസ് ആമോസ്, ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ സർവീസ് സെക്രട്ടറി ക്രിസ്റ്റഫർ റോബർട്ട്, ബിഷപ്പ് സണ്ണി ഏബ്രഹാം, മാർട്ടിൻ ഹെൻട്രി(വേർഡ് റ്റു. വേൾഡ്), ജന.സെക്രട്ടറി ഇമ്മാനുവേൽ പ്രഭു (വേർഡ് ഓഫ് ക്രൈസ്റ്റ്) തുടങ്ങിയവർ സംസാരിച്ചു.

## ബ്ലൂസ് അബുദാബി

അബുദാബി: കർമ്മേൽ ഐ.പി.സിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 15 –17 വരെ മുസഫാ ബ്രദറൺ ചർച്ച് എഫ് 1 ഹാളിൽ കൺവൻഷനും ഫാമിലി സെമിനാറും നടക്കും. പാസ്റ്റർ ഷാജി ഡാനിയേൽ, പാസ്റ്റർ തോമസ് മാമ്മൻ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ എം.എം.തോമസ്, സെക്രട്ടറി സാം സൈമൺ എന്നിവർ നേതൃത്വം നൽകും.

## പിസിനാക്ക് ജൂലൈ...

*(1–ാം പേജ് തുടർച്ച)*

സാമ്പത്തീക സഹായങ്ങളും പരസ്യങ്ങളും നല്കയും രജിസ്ട്രേഷൻ എടുക്കുകയും ചെയ്ത

ശുശ്രൂഷകന്മാർ, വിശ്വാസികൾ എന്നിവരോട് നന്ദി അറിയിക്കുന്നതോടൊപ്പം തന്നെ ഇനിയും പരസ്യങ്ങൾ നല്വാനും രജിസ്ട്രേഷൻ എടുക്കുവാനുംതാല്പര്യമുള്ളവർ എത്രയും വേഗം എടുക്കണമെന്ന് നാഷണൽ ട്രഷറാർ ജോയിസ് പി. മാത്യൂസ് അറിയിച്ചു.

യുവജന സമ്മേളനത്തിന്റെ പ്രധാന ഘടകങ്ങളായ മ്യൂസിക്ക് ബാന്റും കായിക മത്സരത്തിനുള്ള ക്രമീകരണങ്ങളും പൂർത്തിയായതായി നാഷണൽ യൂത്ത് കോർഡിനേറ്റർ ആശിഷ് ജേക്കബ് അറിയിച്ചു. 16 ടീമുകളുടെ മത്സരമാണ് ഈ വർഷം നടക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. കോൺഫറൻസിന്റെ എല്ലാ വിധമായ നടത്തിപ്പിനാവശ്യമായ പ്രോത്സാഹനവും സാമ്പത്തീക സഹകരണങ്ങളും നല്കിയ എല്ലാവരോടും നന്ദി അറിയിക്കുന്നതോടൊപ്പം കോൺഫറൻസിന്റെ വിജയത്തിനും അനുഗ്രഹത്തിനുമായി പ്രാർത്ഥിക്കണമെന്നും ഭാരവാഹികൾ അഭ്യർത്ഥിച്ചു.


**ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ**

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

**ഹാലേലൂയ്യാ പരസ്യനിരക്കുകൾ**

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000



**ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി**
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

**PRAYER CELL**


പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ

# കുമ്പനാട്ടെ ഉപവാസവും എന്റെ വീഴ്ചയും



എനിക്ക് ഒരുവിധപ്പെട്ട എല്ലാ സ്പോർട്സും കാണുവാൻ ഇഷ്ടമാണ്. അതിലേറ്റവും ഇഷ്ടം ഏതെന്ന് ചോദിച്ചാൽ ഏതു മലബാറുകാരനേയും പോലെ ഞാനും പറയും 'ഫുട്ബോൾ'. വേനൽക്കാലങ്ങളിൽ മലബാറിലെ-പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ-മൈതാനങ്ങളിലെല്ലാം കാൽപ്പന്തുകളിയുടെ ആരവമുയരും. ഈ കളി കാണാൻ വീട്ടിൽ നിന്ന് പോവുക എന്നത് വലിയ ബുദ്ധിമുട്ടായിരുന്നു. പോയെന്നറിഞ്ഞാൽ ചൂരൽക്കഷായവും കിട്ടും. എന്നിട്ടും ഞാനെത്ര ഫുട്ബോൾ മത്സരങ്ങൾക്ക് സാക്ഷിയായെന്നത് എണ്ണാനാവില്ല.

മലപ്പുറം ജില്ലയിലെ ഫുട്ബോൾ ജ്വരത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് എനിക്ക് കൊറിയാക്കാരുടെ ഫുട്ബോൾ ആവേശത്തെക്കുറിച്ച് ഓർമ്മ വന്നത്. ലോകത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭയായ യോംഗിചോയുടെ യോയിഡോ ഫുൾ ഗോസ്പൽ ചർച്ചിന് ഒരു ഫുട്ബോൾ ടീം ഉണ്ട്. ആ ടീമിന്റെ പേര് 'ഹാലേലൂയ്യാ' എന്നാണ്. ഹാലേലൂയ്യാ എഫ്.സി.കൊറിയയിലെ പ്രശസ്തമായ ഫുട്ബോൾ ക്ലബ്ബാണിന്ന്. ആത്മീയ താത്പര്യത്തോടെയും യേശുവിന്റെ സാക്ഷിയാകുക എന്ന ലക്ഷ്യത്തോടെയുമാണ് ഈ ക്ലബ് സ്ഥാപിതമായത്. 'ഹാലേലൂയ്യാ' ടീം ഗ്രൗണ്ടിൽ ഗോളടിക്കുമ്പോൾ ഗാലറിയിലെ ആർപ്പുവിളി എന്തായിരിക്കും! ഹാലേലൂയ്യാ!!! എന്നല്ലാതെന്ത്?

ഏതായാലും ഹാലേലൂയ്യാ ഫുട്ബോൾ ടീം രണ്ടുവർഷം മുമ്പ് പെരിന്തൽമണ്ണയിൽ കേരളാ ടീമുമായി ഒരു പ്രദർശന മത്സരം കളിക്കുവാൻ എത്തിയിരുന്നു. കേരളാ ടീമിനെ തോല്പിച്ച് ഹാലേലൂയ്യാ പാടി അവർ മടങ്ങി. ഈ കളി കാണാൻ പെരിന്തൽമണ്ണക്ക് പോകുവാൻ പറ്റാഞ്ഞതിൽ എനിക്കിപ്പോഴും സങ്കടമുണ്ട്.

കഴിഞ്ഞ ലക്കത്തിൽ ഞാൻ പുരപ്പുറത്തു നിന്നു വീണ കഥയാണല്ലോ പറഞ്ഞത്. എന്റെ വീഴ്ചകളുടെ കഥ പറയാനാണ് ഞാൻ ഫുട്ബോളിന്റെ പശ്ചാത്തലം വിവരിച്ചത്. എനിക്ക് ഫുട്ബോൾ ഇഷ്ടമാണെങ്കിലും ബാല്യകാലത്തൊന്നും കൊതി തീരെ കളിക്കുവാൻ അവസരം ലഭിച്ചിട്ടില്ല. മൂന്ന് കാരണങ്ങളാലാണ് ഞാൻ കളികളിൽ നിന്ന് വിട്ടു നില്ക്കേണ്ടി വന്നത്. ഒന്ന്: പാസ്റ്ററുടെ മകനാകയാൽ കളികളൊക്കെ നിഷിദ്ധമായിരുന്നു. വീട്ടിൽ നിന്ന് അനുവാദം ലഭിക്കില്ല.

രണ്ടാമത്തെ കാരണം: എനിക്ക് കളികൾക്കാവശ്യമായ കായികക്ഷമതയോ ആരോഗ്യമോ ഉണ്ടായിരുന്നില്ല. സ്കൂൾ അസംബ്ലികളിൽ അല്പനേരം വെയിലത്തു നിന്നാൽ തല കറങ്ങി വീഴുന്നതുപോലെയുള്ള, എന്നും പനിയും മൂക്കൊലിപ്പുമായി നടക്കുന്ന വികൃതരൂപമായിരുന്നു എന്റേത്. പോഷകാഹാരക്കുറവായിരിക്കാം അന്നത്തെ എന്റെ അനാരോഗ്യത്തിന്റെ കാരണം.

മൂന്നാമത്തെ കാരണം എന്റെ ഇടത്തെ കാൽമുട്ടിന് ചെറിയൊരു പോരായ്മയുണ്ട്. മുട്ടിന്റെ ചലനത്തെ നിയന്ത്രിക്കുന്ന മുട്ടുചിരട്ട ഉറച്ചുനില്ക്കുന്നില്ലെന്നതാണ് പ്രശ്നം. കാൽ നീട്ടിപ്പിടിക്കുമ്പോൾ ഇടത്തോട്ട് നീങ്ങുന്ന മുട്ടുചിരട്ട കാൽ മടക്കുമ്പോൾ വലത്തോട്ട് തെന്നി നീങ്ങും. സ്പീഡിൽ നടക്കുക, ഓടുക,

**ഒരു നിമിഷം എന്റെ ഓർമ്മ നഷ്ടമായി. പിന്നെ ഞാൻ ഉണർന്ന് മെല്ലെ എഴുന്നേറ്റു നോക്കുമ്പോൾ ബാത്റൂമിലെ വെള്ള ടൈൽസ് നിറയെ രക്തം പരന്നൊഴുകിയിരിക്കുന്നു. രക്തം കണ്ട് ഞാൻ ഭയന്നു പോയി. അപ്പോഴും എന്റെ നെറ്റിയിലൂടെ രക്തം ഒഴുകുകയാണ്.**

ചാടുക തുടങ്ങിയവ ചെയ്യുമ്പോൾ കാലിന്റെ ചലനം വേഗത്തിലാവുമ്പോൾ ചിലപ്പോൾ ഈ ചിരട്ടയുടെ ചലനം നിന്നു പോകാം. അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ എടുത്തിട്ടതുപോലെ ഒരു 12-15 അടി അകലേക്ക് ഞാൻ തെറിച്ചു വീഴും. ബാല്യത്തിൽ ഇത്തരം വീഴ്ചകൾ പതിവായിരുന്നു. ഈ ബലഹീനത മൂലം സ്പോർട്സ് പൂർണ്ണമായും എനിക്ക് ഒഴിവാക്കേണ്ടി വന്നു.

എന്റെ വീഴ്ചയുടെ കഥയിൽ ബാല്യത്തിലെ ഒട്ടുമിക്ക വീഴ്ചകളുടെയും കാരണം കാലിന്റെ ഈ പ്രശ്നമായിരുന്നു. എന്നാൽ ഒരിക്കൽപ്പോലും ഈ കാലിന്റെ പ്രശ്നവുമായി ഒരു ഡോക്ടറേയും സമീപിച്ചിട്ടില്ല. ആശുപത്രിയിൽ പോകുക എന്നത് ഞങ്ങളുടെ വീട്ടിൽ അത്യപൂർവ്വമായ ഒരു കാര്യമായിരുന്നു. ഇങ്ങനെ തെറിച്ചു വീണ് എന്റെ കാലിൽ ധാരാളം മുറിവുകൾ ഉണ്ടായിട്ടുണ്ട്. മുറിവുകൾ വെള്ളമൊഴിച്ചു കഴുകിയിട്ട് കമ്യൂണിസ്റ്റു പച്ച കയ്യിലിട്ട് തിരുമ്മി മുറിവിലേക്ക് പൊത്തിവയ്ക്കും. ഇതാണ് മരുന്ന്. ആ മുറിവുകൾ കരിയുന്നത് ഒന്നോ രണ്ടോ മാസം കൊണ്ടായിരിക്കും. മിക്കവാറും അതിനകം അടുത്ത വീഴ്ച സംഭവിച്ചിട്ടുണ്ടാകും. സൈക്കിളിൽ നിന്നു വീണും ധാരാളം മുറിവുകളുണ്ടായിട്ടുണ്ട്.

ഒരൽപ്പം തമാശ കൂടെ: കാലിന്റെ മുട്ടുചിരട്ട എനിക്ക് സ്വയമായി ഇടത്തോട്ടും വലത്തോട്ടും ചലിപ്പിക്കുവാൻ സാധിക്കും. ആ കഴിവുള്ള മറ്റാരെയും ഞാൻ കണ്ടിട്ടില്ല. സ്കൂൾ കാലങ്ങളിൽ എന്റെ കൂട്ടുകാരുടെ മുന്നിൽ ആളാകാൻ ഞാൻ ചിലപ്പോഴൊക്കെ ഈ പ്രകടനം നടത്തിക്കാണിച്ചിരുന്നു.

ഞാൻ മണക്കാലയിൽ പഠിക്കുന്ന കാലത്ത് അടുപ്പിച്ച് രണ്ടു പ്രാവശ്യം ഇതേ പ്രശ്നത്താൽ വീണു. ദൈവ കൃപയാൽ ആ വീഴ്ചകളിൽ മുറിവുകളൊന്നും ഉണ്ടായില്ല. ബൈബിൾ കോളജിൽ വളരെ തീഷ്ണമായ ആത്മീയമായ അനുഭവത്തിന്റെ ആദ്യവർഷമാകയാൽ ഞാൻ മുട്ടിന്റെ പ്രശ്നത്തിന് പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. ഞാൻ സ്വയം മുട്ടിൽ കൈവച്ചു പ്രാർത്ഥിച്ചു. അതിൽപ്പിന്നെ മുട്ടിന്റെ പ്രശ്നം കൊണ്ട് ദീർഘകാലത്തേക്ക് ഞാൻ വീണില്ല. എങ്കിലും ആ പ്രശ്നം ഇപ്പോഴുമുണ്ട്.

ഇനി ഈയിടെ ഞാൻ വീണ കഥ: കുമ്പനാട്ടെ പാസ്റ്റർ ജേക്കബ് ജോൺ 40 ദിവസം ഉപവാസ പ്രാർത്ഥന നടത്തിയപ്പോൾ അക്കൂടെ ചില ദിവസങ്ങൾ ഉപവസിച്ച ആയിരക്കണക്കിനാളുകളിൽ ഒരാളാണ് ഞാനും. എന്തൊക്കെ കുറവുകൾ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിലും ഉപവാസ പ്രാർത്ഥന ജനം രണ്ടു കയ്യും നീട്ടി സ്വീകരിച്ചു എന്നതിന് സംശയമില്ല. കുമ്പനാട്ടെ ഉപവാസ പ്രാർത്ഥനയെക്കുറിച്ച് വിശദമായ കുറിപ്പ് പിന്നീടൊരിക്കൽ എഴുതാമെന്നുള്ളതിനാൽ ആ ഭാഗത്തേക്ക് ഇപ്പോൾ പ്രവേശിക്കുന്നില്ല.

പ്രാർത്ഥനയുടെ അവസാനത്തെ 10 ദിവസങ്ങളാണ് ഞാൻ ഉപവസിച്ചത്. അതിന്റെ ഏഴാം ദിവസം രാവിലെയാണ് ഞാൻ വീഴുന്നതും. എന്റെ നെറ്റിക്ക് മുറിവുണ്ടാകുന്നതും. എന്റെ വീട്ടിലെ നാലരയടി വീതിയുള്ള ചെറിയ ബാത്റൂമിലാണ് ഞാൻ വീണത്. രാവിലെ കുമ്പനാട്ടേക്ക് പോകുവാനായി ധൃതിയിൽ കുളിക്കുകയാണ്. പെട്ടെന്ന് സോപ്പുപത നിറഞ്ഞ ടൈൽസിൽ തെന്നി ഞാൻ ഇടതുവശം അടിച്ചു വീണു. തല ശക്തിയായി തറയിലടിച്ചു. ഒരു നിമിഷം എന്റെ ഓർമ്മ നഷ്ടമായി. പിന്നെ ഞാൻ ഉണർന്ന് മെല്ലെ എഴുന്നേറ്റു നോക്കുമ്പോൾ ബാത്റൂമിലെ വെള്ള ടൈൽസ് നിറയെ രക്തം പരന്നൊഴുകിയിരിക്കുന്നു. രക്തം കണ്ട് ഞാൻ ഭയന്നു പോയി. അപ്പോഴും എന്റെ നെറ്റിയിലൂടെ രക്തം ഒഴുകുകയാണ്. ഒരു നിമിഷം മുറിവ് പൊത്തിപ്പിടിച്ചുകൊണ്ട് ഞാൻ ഇപ്രകാരം പ്രാർത്ഥിച്ചു. "കർത്താവേ ഞാൻ നിന്റെ സന്നിധിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലുമാണ്. എന്റെ വ്യക്തിപരമായ വിഷയങ്ങൾക്കു വേണ്ടിയല്ല, സഭയുടെ നവോദ്ധാനത്തിനും ഉണർവ്വിനും വേണ്ടിയാണ് ഞാൻ പ്രാർത്ഥിച്ചത്. ഐ.പി.സി.യുടെ നവീകരണത്തിനും ഉണർവ്വിനും ഞാനൊരു തടസ്സമാണെങ്കിൽ എന്റെ ജീവൻ എടുത്തു കൊള്ളുക. ഇല്ലെങ്കിൽ ഇപ്പോൾ എന്നെ വിടുവിക്കണം."

ഈ പ്രാർത്ഥനക്ക് ശേഷം ഞാൻ ഷവർ ഓൺ ചെയ്തു. വെള്ളം തലയിലൂടെ തറയിലേക്കൊഴുകി. മുറിപ്പാടിൽ നിന്ന് കയ്യെടുത്തു. പിന്നെ പതിയെ തറ മുഴുവൻ കഴുകി വൃത്തിയാക്കി. ബാത്ത്റൂമിൽ നിന്ന് പുറത്തേക്കിറങ്ങും മുമ്പ് ഞാനൊരിക്കലൂടെ തിരിഞ്ഞു നോക്കി. നാലര അടി വീതിയുള്ള ബാത്റൂമിൽ പുറകിൽ യൂറോപ്യൻ ക്ലോസറ്റ്, മുന്നിൽ വാഷ് ബേസിൻ, ഇരുവശങ്ങളിലും നീണ്ടു നില്ക്കുന്ന പൈപ്പുകൾ ഇതിനിടയിൽ ഒന്നു നിവർന്നു കിടക്കാൻ ശ്രമിച്ചാൽ നന്നായി ബുദ്ധിമുട്ടേണ്ടി വരും. അവിടെ ഈ പൈപ്പുകളിലോ, കമോഡിലോ തട്ടാതെ ഞാനെങ്ങനെ വീണു? പൈപ്പിലോ കമോഡിലോ എന്റെ തല അടിച്ചിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു.

ഞാൻ വീണപ്പോൾ ദൈവം തന്റെ കരം കൊണ്ട് എന്നെ താങ്ങിയെന്നല്ലാതെ എന്താണ് എനിക്ക് പറയുവാൻ സാധിക്കുന്നത്. മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവക്കുള്ളത്.

# ദൈവ പരിപാലനത്തിന്റെ അത്ഭുത സാക്ഷ്യങ്ങൾ

ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന ലിസി തോമസിന്റെ ജീവിതത്തിൽ ദൈവിക വിടുതൽ അനുഭവിച്ച സന്ദർഭങ്ങളുടെ വിവരണം:

ദൈവം എന്റെ ജീവിതത്തിൽ നേരിട്ട് ഇടപെട്ട ചില അനുഭവങ്ങൾ സന്തോഷത്തോടെയും നന്ദിയോടെയും വ്യക്തമാക്കാം. വിശ്വാസികളായ മാതാപിതാക്കളുടെ ജീവിതം കണ്ട് ഭക്തിയോടെ വളരുവാൻ ദൈവം എനിക്ക് കൃപ ചെയ്തു. ഞാനാഗ്രഹിച്ചതുപോലെ ഒരു അദ്ധ്യാപികയാകുവാനും ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് അറിവ് പകർന്നു നൽകുവാനും സാധിച്ചു. എന്റെ ജീവിതത്തിൽ ദൈവത്തിന്റെ കരം തൊട്ട് എന്നെ സൗഖ്യമാക്കിയ നിരവധി സന്ദർഭങ്ങളുണ്ട്. അതിൽ പ്രധാനമായ ചിലതു മാത്രം കുറിക്കട്ടെ.

എന്റെ യൂട്രസിൽ ഒരു സിസ്റ്റ് ഉണ്ടെന്ന് സ്കാനിങ്ങിലൂടെ കണ്ടെത്തിയപ്പോൾ ശരിക്കും ഞാൻ ഭയന്നു പോയി. ഡോക്ടർമാർ ഓപ്പറേഷന് വേണ്ടി റഫർ ചെയ്തു. എന്നാൽ ദൈവത്തിൽ ആശ്രയിക്കുവാനും വിശ്വസിക്കുവാനും ഞാൻ തീരുമാനിച്ചു. എന്റെ പ്രാർത്ഥന കേട്ട് ഓപ്പറേഷൻ നടത്താതെ അത്ഭുതകരമായ വിടുതൽ നൽകി. ദൈവത്തെ സ്തുതിക്കുന്നു.

2003-ൽ ക്യാൻസർ എന്ന മാരക രോഗം പിടിപെട്ടു. ഡോക്ടർമാർക്കൊന്നും എന്റെ രോഗം കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. അവർ നീരിറക്കം ആണെന്നും സ്പോണ്ടിലൈറ്റിസ് ആണെന്നൊക്കെ പറഞ്ഞു ചികിത്സിച്ചു. എന്റെ വലതുകൈ പൊക്കി ബോർഡിൽ എഴുതുവാൻ പോലും കഴിയാതെ ഞാനൊരു മാസം ലീവെടുത്ത് വീട്ടിലിരുന്നു. അഗസ്റ്റിൻ ജോസഫ് എന്ന ദൈവദാസൻ പ്രാർത്ഥിച്ച് കൈക്ക് അല്പം ആശ്വാസം ലഭിച്ചപ്പോൾ സ്കൂളിൽ പോകുവാൻ തുടങ്ങി. ഒരു ദിവസം പതിവു പോലെ രാത്രിയിൽ ഞാൻ കിടന്നുറങ്ങി. ഒന്നുണർന്നപ്പോൾ വലതുവശത്തെ ബ്രസ്റ്റ് ഒന്നമർത്തി നോക്കുവാൻ ദൈവാത്മാവ് എന്നെ തോന്നിപ്പിച്ചു. ഞാൻ നോക്കിയപ്പോൾ വളരെ ആഴത്തിൽ തൊട്ടാൽ നീങ്ങി മാറുന്ന ഒരു മുഴ കണ്ടെത്തി. ഡോക്ടറെ സമീപിച്ചു സ്കാൻ ചെയ്തു. പെട്ടെന്ന് സർജറി വേണമെന്ന് ഡോക്ടർ നിർദ്ദേശിച്ചു. സർജറി നടത്തി. ഓപ്പറേഷൻ വിജയിച്ചു എങ്കിലും തീയേറ്ററിൽ വച്ചുതന്നെ ശത്രു എന്നെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിച്ചു. എന്നാൽ കാൽവരി ക്രൂശിൽ ശത്രുവിന്റെ തലയെ തകർത്ത യേശുവിന്റെ നാമത്തിൽ വിജയം വരിക്കുവാൻ സാധിച്ചു. എന്റെ ബ്രസ്റ്റ് റിമൂവ് ചെയ്തിട്ട് അടിവയർ കീറി കൊഴുപ്പു മുഴുവൻ എടുത്ത് ബ്രസ്റ്റ് എടുത്തു മാറ്റിയ സ്ഥാനത്ത് ഫില്ലു ചെയ്ത് സ്റ്റിച്ച് ചെയ്യുകയാണ് ചെയ്തത്. വയർ മുഴുവൻ സ്റ്റിച്ചിട്ട് കിടത്തിയിരിക്കുന്ന എന്നെ തീയേറ്ററിൽ വച്ച് അശ്രദ്ധമായി നേഴ്സുമാർ പിടിച്ചിരുത്തി. വയറിലെ സ്റ്റിച്ച് പൊട്ടിപ്പോകാമായിരുന്നു. എന്നാൽ ദൈവം സൂക്ഷിച്ചു. തനിക്ക് പ്രിയമുള്ളവർ വിടുവിക്കപ്പെടേണ്ടതിന് തന്റെ വലങ്കൈ കൊണ്ട് രക്ഷിച്ച് ഉത്തരമരുളുന്നവനായ ദൈവത്തിന്റെ സംരക്ഷണം അനുഭവിക്കുവാൻ ഇത്തരുണത്തിൽ ദൈവം സഹായിച്ചു. എന്നെ റൂമിൽ കൊണ്ടു വന്ന ശേഷം മരവിപ്പ് വിട്ടുമ്പോഴുണ്ടാകുന്ന വേദന ഞാൻ അനുഭവിക്കേണ്ടി വന്നില്ല. സാക്ഷാൽ വേദനകളെ വഹിച്ച യേശു എന്റെ വേദനയെല്ലാം വഹിച്ചു. ഇത്രയും വലിയ സർജ്ജറി ചെയ്തിട്ടും ഒരു ബോട്ടിൽ ഗ്ലൂക്കോസ് മാത്രമേ കയറ്റേണ്ടി വന്നുള്ളു. എന്റെ ക്ഷീണമെല്ലാം യേശു മാറ്റിത്തന്നു. രണ്ടാഴ്ചക്ക് ശേഷം സ്റ്റിച്ചു മാറ്റുമ്പോൾ എല്ലാം കരിഞ്ഞിട്ടുണ്ടായിരുന്നു. ചികിത്സിച്ച ഡോക്ടർ തന്നെ പറഞ്ഞു നിങ്ങൾക്ക് ഒത്തിരി ദൈവസഹായം ഉണ്ട്. 100% ക്യൂറബിളായി എന്ന്. റേഡിയേഷനൊന്നും വേണ്ടി വന്നില്ല. പ്രിക്കോഷനായി കീമോ തെറാപ്പി ചെയ്തു എന്നു മാത്രം. സകല രോഗത്തേയും സൗഖ്യമാക്കുന്ന ദൈവം എനിക്ക് അത്ഭുത രോഗസൗഖ്യം തന്നു. ഇന്നേക്ക് എട്ടു വർഷം കഴിഞ്ഞു. ദൈവം അത്ഭുതകരമായി വഴി നടത്തുന്നു.



ലിസി തോമസ് നിലമ്പൂർ

ഒരു ദിവസം രാത്രി എട്ടു മണിയോടടുത്ത സമയം. ഞാൻ മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളു. ഞാൻ ഗ്യാസ് സ്റ്റൗവിൽ ആഹാരം പാചകം ചെയ്തു കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ശ്...ശ്... എന്നൊരു ശബ്ദം കേട്ടു. ഞാൻ നോക്കിയപ്പോൾ ഗ്യാസ് സിലിണ്ടറും സ്റ്റൗവും കൂടി ബന്ധിപ്പിച്ചിരിക്കുന്ന ഹോസ് പൊട്ടി ഗ്യാസ് വെള്ളപ്പുക പോലെ പുറത്തേക്ക് പോകുന്ന കാഴ്ചയാണ് കണ്ടത്. ഞാൻ അപ്പോഴും സ്റ്റൗവിൽ ആഹാരം ഇളക്കിക്കൊണ്ട് നില്ക്കയായിരുന്നു. ഞാൻ കത്തിക്കരിഞ്ഞുപോകേണ്ട സ്ഥാനത്ത് ദൈവം എന്നെ അത്യത്ഭുതകരമായി വിടുവിച്ചു. ദൈവം എനിക്ക് സഹായമായിരുന്നില്ലെങ്കിൽ എന്റെ പ്രാണൻ വേഗം മൗനവാസം ചെയ്യുമായിരുന്നു. ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നെഗോവിന്റെയും ദൈവം എന്റെ ദൈവം. തീയിൽ കൂടി നടന്നാൽ നീ വെന്തു പോകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല (യെശ.43:2). ഈ വേദഭാഗം വായിച്ചു വിടുക മാത്രമല്ല, അത് പ്രാവർത്തികമാക്കുമ്പോഴാണ് ദൈവവചനത്തിന്റെ പവ്വർ ശരിക്കും മനസ്സിലാകുന്നത്. ദൈവത്തിന് സ്തോത്രം.

ഞങ്ങളുടെ മകൻ എബിക്ക് 13 വയസ്സുള്ളപ്പോൾ കിണറ്റിൽ നിന്നും വെള്ളം അടിക്കുന്ന മോട്ടോർപ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ മോട്ടോറുമായി കണക്ട്ചെയ്തിരിക്കുന്ന ജി.ഐ.ഇരുമ്പ് പൈപ്പിൽ അറിയാതെ കയറിപ്പിടിച്ചു. മോൻ ഒരു വല്ലാത്ത ശബ്ദത്തിൽ മമ്മിയേ എന്ന് വിളിക്കുന്ന ശബ്ദം കേട്ട് ചെന്നു നോക്കുമ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. മോൻ കണ്ണുരുട്ടി ആ പൈപ്പിൽ ഒട്ടിപ്പിടിച്ചു നില്ക്കുന്ന കാഴ്ചയാണ് ഞാൻ കണ്ടത്. ചെരിപ്പുപോലും ഇടാതെ വെള്ളത്തിൽ ചവിട്ടിനില്ക്കുന്ന മോനെ ഞാൻ പെട്ടെന്ന് കയറിപ്പിടിച്ചു. രണ്ടു പേരും ഷോക്കടിച്ചു മരിക്കേണ്ട സ്ഥാനത്ത് ഞാൻ പിടിച്ചപ്പോൾ ആ കമ്പിയുമായുള്ള ബന്ധം വിട്ടിട്ട് മോനെ ദൈവം എന്റെ കയ്യിലേക്ക് തന്നു. ശാസ്ത്രീയ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. തന്റെ മഹത്വമുള്ള ഭുജം മോശെയുടെ വലങ്കൈക്കൽചെല്ലുമാറാക്കിയ അത്ഭുതം പ്രവർത്തിച്ച ദൈവത്തിന്റെ കരം എനിക്കും അനുകൂലമായിരുന്ന് അത്ഭുതം പ്രവർത്തിച്ചു. കർത്താവ് നൽകിത്തന്ന വിടുതലിനായി ദൈവത്തെ സ്തുതിക്കുന്നു. മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവക്കുള്ളതു തന്നേ(സങ്കീ.68:20). നീ എന്റെ വിലാപത്തെ എനിക്ക് നൃത്തമാക്കിത്തന്നു. എന്റെ രട്ട് നീ അഴിച്ച് എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു. ഞാൻ മൗനമായിരിക്കാതെ നിനക്ക് സ്തുതി പാടേണ്ടതിന് തന്നേ. (സങ്കീ. 30:11).



തൃശൂർ: ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പാസ്റ്റർ ജോൺ പോൾ അധ്യക്ഷനായിരുന്നു. പാസ്റ്റർ ടി.പി.പൗലോസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഇവാ.ടി.സി.മാത്യു മുഖ്യപ്രഭാഷണം നടത്തി.

# സന്മനസ്സുള്ളവർ സഹായിക്കുക

പെന്തക്കോസ്തു യുവജനസംഘടന കൊട്ടാരക്കര മേഖലയുടെ താലന്ത് കൺവീനറായി പ്രവർത്തിച്ചിരുന്ന 34 കാരനായ പാസ്റ്റർ സാം കെ.കോശിയുടെ അകാല നിര്യാണം സംസ്ഥാന പി.വൈ.പി.എ യ്ക്കും തീരാനഷ്ടമാണ്. ഇദ്ദേഹത്തിന്റെ സഹധർമ്മിണി വളരെ ചെറിയ പ്രായത്തിൽ തന്നെ വിധവയായിരിക്കുന്നു. അഞ്ചും ഒന്നും വയസ്സുള്ള രണ്ട് പെൺകുട്ടികളാണിവർക്കുള്ളത്. സ്ഥിരം വരുമാനം ഒന്നുമില്ലാതെ ഇനി തന്റെയും പിഞ്ചുകുഞ്ഞുങ്ങളുടെയും ഭാവി എന്തെന്ന് ഓർത്ത് പണിതീരാത്ത വീട്ടിൽ ദൈവമുഖത്തേക്ക് മാത്രം നോക്കി കഴിയുന്ന ഈ ദൈവദാസിക്ക് നേരിട്ട ദുരിതത്തിൽ സാമ്പത്തിക സഹായം ചെയ്യാൻ സംസ്ഥാന പി. വൈ. പി. എ തീരുമാനിച്ചിരിക്കുന്നു. ഈ കർതൃദാസിയെയും പിഞ്ചുകുഞ്ഞുങ്ങളെയും സഹായിക്കാൻ സന്മനസ്സുള്ളവർ D/D യോ ചെക്കോ/ മണി ഓർഡറോ **Pentecostal Young Peoples' Association, (SBT, Kumbanad. Account No. 57023552205)** ന്റെ പേരിൽ ട്രഷറർക്ക് അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഇവാ. അജു അലക്സ്,** എബനേസർ ഹൗസ് ,
മേപ്രാൽ പി.ഒ, തിരുവല്ല. 689591

കൂടുതൽ വിവരങ്ങൾക്ക് : വിൽസൺ ശാമുവേൽ (പ്രസിഡന്റ്) ഫോൺ. 9447236394 ,സാബു ചാപ്രത്ത് (സെക്രട്ടറി) ഫോൺ. 9847458905


# PRAYER GROUP

*100-ൽപ്പരം പ്രാർത്ഥനാ പോരാളികൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടു കൂടി വിളിക്കുക*

**ARMY OF JESUS PRAYER GROUP**

**PH: 9388877834, 9846821874**

KOTHAMANGALAM, THODUPUZHA, NEDUMBASSERY, UPPUTHARA, ERNAKULAM,etc


# സമൂഹ വിവാഹം
## അപേക്ഷ ക്ഷണിക്കുന്നു

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (Sharjah IPC) യുടെ ചുമതലയിൽ 2013 ആഗസ്റ്റ് 17-ന് കുമ്പനാട്ട് വച്ച് നടത്തുവാൻ ആഗ്രഹിക്കുന്ന സമൂഹ വിവാഹത്തിലേക്ക് അർഹരായ വിശ്വാസികളായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകൾ സഭാ ശുശ്രൂഷകന്റെ ശുപാർശക്കത്തിനോടൊപ്പം ജൂലൈ മാസം 20-ന് മുമ്പായി ഹാലേലൂയ്യാ ഓഫീസിൽ കിട്ടത്തക്കവണ്ണം താഴെക്കാണുന്ന വിലാസത്തിൽ അയക്കുക.

Hallelujah, P.B.No.1,Near Y.M.C.A., Tiruvalla, Kerala-689101

*കൂടുതൽ വിവരങ്ങൾക്ക്:*

**Pr.M.G.John, Ph: 9947029737 ipcsharjah40@gmail.com**


# MANASA COLLEGE OF NURSING

(Approved by INC & KNC and Affiliated to RGUHS Banglore)
Hosur Main Road, Malur, Bangalore

**B.Sc. (N) | Gen. (N)**
**P.C. B.Sc.(N) | M.Sc.(N)**

Own Hospital & examination Centre
Walkable distance from railway station & Bus station. 30 minutes drive from Airport
Fees in installments, Eminent faculty

കേരളത്തിലെ ഏക ഇൻഫർമേഷൻ സെന്റർ

College Information Centre
1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

Call @ 9947963438 9847170530


# പെന്തെക്കോസ്തൽ അസംബ്ലി മസ്ക്കറ്റ് 16-ാമത് കുടുംബസംഗമം ജൂലൈ 20-ന് തിരുവല്ലായിൽ

പെന്തെക്കോസ്തൽ അസംബ്ലി മസ്ക്കറ്റിന്റെ (ഒ.പി.എ.മസ്ക്കറ്റ്) 16-ാമത് കുടുംബ സംഗമം ജൂലൈ 20 ശനിയാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ ഒ.പി.എ. മുൻകാല ശുശ്രൂഷകൻ പാസ്റ്റർ ടി.വി.പൗലോസിന്റെ അധ്യക്ഷതയിൽ തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും.

പാസ്റ്റർ പി.എം.ജോൺ (ജനറൽ സെക്രട്ടറി, ശാരോൻ ഫെലോഷിപ്പ് ചർച്ച്) മുഖ്യപ്രഭാഷകനായിരിക്കും. അവധിയോടനുബന്ധിച്ച് നാട്ടിൽ വന്നിട്ടുള്ള ഒ.പി.എ.അംഗങ്ങളും/എക്സ് ഒ.പി.എ.അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഈ ആത്മീയ സമ്മേളനത്തിൽ വന്നു ചേരണമെന്ന് അറിയിക്കുന്നു. ഇതോട് ചേർന്ന് അന്നേ ദിവസം ഒ.പി.എ.സെസ്സിന്റെ (OPA-Cess) രണ്ടാമത് വാർഷിക പൊതുയോഗം നടത്തപ്പെടുന്നതാണ്.

നിലവിലുള്ള ലിസ്റ്റിൻപ്രകാരം എല്ലാ എക്സ് ഒ.പി.എ.അംഗങ്ങൾക്കും ക്ഷണക്കത്ത് അയച്ചിട്ടുണ്ട്. അത് ലഭിക്കാതിരുന്നിട്ടുള്ളവരും, ഒ.പി.എ.യിൽ ആരാധിച്ച് സമീപകാലത്ത് മടങ്ങി വന്ന് നാട്ടിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരും ഇതൊരു ക്ഷണക്കത്തായി സ്വീകരിച്ച് ഈ സംഗമത്തിൽ വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. 1973-ൽ ഒമാനിൽ ആരംഭിച്ചതും എല്ലാ പെന്തെക്കോസ്ത് വിഭാഗങ്ങളും ചേർന്ന് ആത്മീക ഐക്യതയിൽ ദൈവത്തെ ആരാധിക്കുന്നതുമായ ആയിരത്തി അഞ്ഞൂറിൽപ്പരം അംഗങ്ങളുള്ള ലോകത്തിലെ ഏറ്റവും വലിയ മലയാളി സഭയായി ഒ.പി.എ.മസ്ക്കറ്റ് നിലകൊള്ളുന്നു. പെന്തെക്കോസ്ത് സഭകൾ തമ്മിലുള്ള ഐക്യത ലോകത്തെ വിളിച്ചറിച്ചറിയിച്ചു കൊണ്ട് 40-ാം വർഷം കൊണ്ടാടുന്ന പെന്തെക്കോസ്തൽ അസംബ്ലി മസ്ക്കറ്റിനെ സർവ്വശക്തൻ ദൈനംദിനം വളർത്തിക്കൊണ്ടിരിക്കുന്നു.

## മെറിറ്റ് അവാർഡ്

എക്സ് ഒ.പി.എ.അംഗങ്ങളുടെയും ഒ.പി.എ.അംഗങ്ങളുടെയും ഇന്ത്യയിൽ പഠിക്കുന്ന കുട്ടികളിൽ 10, 12 ക്ലാസുകളിൽ കേരള, സി.ബി.എസ്.സി, ഐ.സി.എസ്.സി.എന്നീ സിലബസുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച ഓരോ കുട്ടിക്ക് ഈ അവസരത്തിൽ അവാർഡ് നൽകുന്നതാണ്. ആയതിലേക്ക് മാർക്ക് ലിസ്റ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെക്കാണുന്ന അഡ്രസിൽ ബന്ധപ്പെടാവുന്നതാണ്.

**Pr.Paulose T.V.**
Thavarakkattil God View
Kattachira, Pallickal P.O., Kayamkulam,
Alappuzha-690 503.
Ph: 9496627678

**Thomas Mathew**
Puthoor House
Pullad P.O.
Pathanamthitta-689548
Ph: 0469-2661251,Mob.9846469732


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**
Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,**
**പത്തനംതിട്ട (Dist).**



# ഡോക്ടർ റ്റി.ജി.കോശി
# വിശ്വാസ വീഥിയിലെ ഒറ്റയാൻ

## ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഡോക്ടർ റ്റി.ജി.കോശിയെ ആദരിച്ചപ്പോൾ പാസ്റ്റർ തോമസ് മുല്ലക്കൽ അവതരിപ്പിച്ച ജീവിതരേഖയുടെ സംക്ഷിപ്ത രൂപം

തേക്കനാൽ ജോർജ്ജ് കോശി എന്ന റ്റി.ജി.കോശി ജനിക്കുന്നത് ജോർജ്ജ്-അന്നമ്മ ദമ്പതികളുടെ ഏഴാമത്തെ മകനായിട്ടാണ്. 1933 മെയ് 26-ന് അടൂരിനടുത്തുള്ള ഏനാത്താണ് ജനനം നടന്നത്. സ്വന്തം മാതാവിന്റെ മുഖം ഓർമ്മയുടെ ക്യാൻവാസിൽ പതിയുന്നതിന് മുമ്പ്, നാൽപ്പതാം ദിനം 'കുഞ്ഞുമോനെ' തനിച്ചാക്കി അമ്മ ഈ ലോകത്തു നിന്നും യാത്രയായി. സുവിശേഷ വേലക്കാരൻ കൂടിയായ വല്യപ്പച്ചനും വല്യമ്മച്ചിയുമാണ് പിന്നീട് കുഞ്ഞുമോനെ വളർത്തിയത്. കേരളം കണ്ട പെന്തെക്കോസ്ത് നേതാക്കളിലൊരാളായ ഡോക്ടർ ടി.ജി.കോശിയുടെ സുവിശേഷ പരിശീലനക്കളരി തുടക്കമിട്ടത് വല്യപ്പന്റെ ആത്മീയ ശിക്ഷണത്തിലായിരുന്നു.

ഫോർത്ത് ഫോമിൽ പഠിക്കുമ്പോൾ സാധു കൊച്ചുകുഞ്ഞുപദേശിയുടെ പ്രസംഗം ശ്രവിച്ചതിലൂടെ കുഞ്ഞുമോൻ യേശുക്രിസ്തുവിനായി ഹൃദയം സമർപ്പിച്ചു. തുടർന്ന് നവജീവോദയം കെ.വി.ചെറിയാന്റെ സുവിശേഷവേലക്കായുള്ള ആഹ്വാനത്തിന് മുമ്പിൽ ജീവിതം സുവിശേഷവേലക്കും സമർപ്പിച്ചു. പന്തളം എൻ.എസ്.എസ്.കോളജിൽ ഇന്റർമീഡിയറ്റിന് പഠിച്ചെങ്കിലും പരാജയമായിരുന്നു ഫലം. പ്രസ്തുത പരാജയം ആത്യന്തികമായ വിജയത്തിലേക്കുള്ള ചവിട്ടുപടിയായിരുന്നു എന്ന് പിൽക്കാല ചരിത്രം തെളിയിച്ചു.

ഭൗതികമായ ഒരു ജോലി എന്ന പ്രതീക്ഷയുമായി 1956-ൽ ആലപ്പുഴയിൽ നിന്നും വളഞ്ഞവട്ടത്ത് എത്തിയത് വിശ്വാസ ജീവിതത്തിന്റെ പുതിയ പാത വെട്ടിത്തുറന്നു. ചർച്ച് ഓഫ് സൗത്ത് ഇന്ത്യാ (സി.എസ്.ഐ) യിൽ നിന്നും പാസ്റ്റർ വി.ജി.ജോണിന്റെ നേതൃത്വത്തിലുള്ള പെന്തെക്കോസ്ത് കൂട്ടായ്മയിലേക്ക് പരിശുദ്ധാത്മാവ് അദ്ദേഹത്തെ നയിച്ചു. ഒരു ആത്മീയ ഗുരുനാഥന്റെ സ്ഥാനമാണ് പാസ്റ്റർ വി.ജി.ജോണിന് ഡോക്ടർ റ്റി.ജി.കോശിയുടെ ഹൃദയത്തിലുള്ളത്.

1958 മെയ് 14-നാണ് കോശിസാർ സ്നാനമേൽക്കുന്നത്. സ്നാനമേറ്റ വിവരം അറിഞ്ഞ പിതാവ് കുപിതനായി. 'ഒന്നുകിൽ പെന്തെക്കോസ്ത് വിട്ടുപോരുക, അല്ലെങ്കിൽ വീടു വിട്ടുപോകുക', ഇതായിരുന്നു അന്ത്യശാസനം. വിശ്വാസത്തിന് വേണ്ടി വച്ച കാൽ പിന്നോട്ട് വലിക്കാതെ താൻ വീടു വിട്ടിറങ്ങി. വളഞ്ഞവട്ടത്ത് പാസ്റ്റർ വി.ജി.ജോണിനോട് ചേർന്ന് ശുശ്രൂഷകൾ നിർവ്വഹിച്ചു. തുടർന്ന് പാസ്റ്റർ പി.ഡി.മോസസിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽവച്ച് ആത്മാഭിഷേകം പ്രാപിച്ചു. സുവിശേഷവേലക്ക് പൂർണ്ണമായി സമർപ്പിച്ച് വേർതിരിഞ്ഞു.

അതിരാവിലെ തന്നെ റ്റി.ജി.കോശി വീട് വിട്ടിറങ്ങും. വെള്ളമുണ്ടും



*തോമസ് മുല്ലക്കൽ*

കോളറില്ലാത്ത വെള്ള ഷർട്ടുമാണ് വേഷം. വലതുകയ്യിൽ ഒരു ബൈബിളും, ഒരു കെട്ട് ട്രാക്ടും, തോളിൽ ഒരു തമ്പേർ, ഇടതുകയ്യിൽ പെട്രോമാക്സ്. മൈലുകളോളം നടന്നാണ് സുവിശേഷം അറിയിക്കുന്നത്. വിശക്കുന്ന വയറുമായാണ് ഏറിയ സമയവും യാത്ര. രാത്രിയോഗവും കഴിഞ്ഞാണ് മടങ്ങിവരുന്നത്. വീട്ടിലെത്തിയാലും വചനധ്യാനവും പ്രാർത്ഥനയുമാണ് ശീലം. രണ്ടു മണിക്കൂർ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കും. അന്നും ഇന്നും റ്റി.ജി.കോശിയെ വ്യത്യസ്തനാക്കുന്നത് ദൈവസന്നിധിയിലുള്ള ഏകാഗ്രമായ പ്രാർത്ഥനയാണ്. സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഇക്കാലത്താണ് പാസ്റ്റർ പി.ജി.ജോണിന്റെ നിർദ്ദേശപ്രകാരം പാസ്റ്റർ പി.ജെ.തോമസ് നേതൃത്വം നൽകുന്ന ശാരോൻ ഫെലോഷിപ്പുമായി ചേർന്നു പ്രവർത്തിക്കുന്നത്.

1963-ലാണ് കോശിസാർ അമേരിക്കയിലേക്ക് പോകുന്നത്. വെള്ളമുണ്ടും ഉപദേശി മോഡൽ ഷർട്ടും ധരിച്ചു നടക്കുന്ന മാതൃഭാഷ അല്ലാതെ മറ്റൊന്നും സംസാരിക്കുവാൻ വശമില്ലാതിരുന്ന അദ്ദേഹം, ശാരോൻ തോമാച്ചായൻ നൽകിയ ഒരു പാന്റ്സുമിട്ടാണ് 1963 ആഗസ്റ്റ് 1-ന് അമേരിക്കയിലേക്ക് കപ്പൽ കയറിയത്. തികച്ചും ക്ലേശം നിറഞ്ഞ യാത്രയായിരുന്നു അത്. 28 ദിവസത്തെ യാത്രക്കൊടുവിൽ ലിങ്കന്റെ നാട്ടിലെത്തുമ്പോൾ കൈവശമുള്ളത് 8 ഡോളർ മാത്രം. ക്യാപ്റ്റൻ ദൈവപ്രേരണയാൽ പിന്നീട് നൽകിയ 20 ഡോളറുമുണ്ട് കയ്യിൽ.

ഗാർലെന്റ് ബാപ്റ്റിസ്റ്റ് ബൈബിൾ കോളജിലെ ഒരു വർഷത്തെ പഠനവും വെസ്റ്റേൺ അസംബ്ലീസ് ഓഫ് ഗോഡ് കോളജിലെ പഠനവും ദൈവകരുതലിന്റെ സാക്ഷിപത്രങ്ങളായിരുന്നു. ദൈവം കുറെ നല്ല മനുഷ്യരെ കോശിയുടെ ആവശ്യങ്ങൾക്കായി സമയാ സമയങ്ങളിൽ നൽകി. ലഭിക്കുന്ന സമയമൊക്കെ സുവിശേഷം അറിയിക്കുന്നതിലൂടെ അനേകർ ക്രിസ്തുവിനെ കണ്ടുമുട്ടാൻ കാരണമായി.

അമേരിക്കയിൽ തങ്ങാൻ എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കുമ്പോഴാണ് ബി.എസ്.പഠനത്തിന് ശേഷം ഇന്ത്യയിലേക്ക് മടങ്ങുവാൻ തീരുമാനിച്ചത്. ഒരിക്കൽ വീട്ടിൽ നിന്ന് ഇറക്കിവിട്ട പിതാവും അന്ന് സ്വീകരിക്കുവാൻ എയർപോർട്ടിലുണ്ടായിരുന്നു. വളഞ്ഞവട്ടത്ത് സുവിശേഷവേലയിൽ വീണ്ടും വ്യാപൃതനായി.

34-ാമത്തെ വയസ്സിലായിരുന്നു വിവാഹം. പരുമല പുല്ലാംപ്ലാവിൽ മാമ്മൻ ഔസേപ്പിന്റെ മകൾ മറിയാമ്മയാണ് വധു.

1967 നവംബർ മുതൽ മണക്കാലയിൽ സുവിശേഷ പ്രവർത്തനം നടത്തുവാനുള്ള ദൈവപ്രേരണയനുസരിച്ച് പ്രവർത്തനമേഖല മണക്കാലയിലേക്ക് മാറ്റി. മലയാളി പെന്തെക്കോസ്ത് ചരിത്രത്തിൽ കുമ്പനാടിനും, മുളക്കുഴയ്ക്കും, പുനലൂരിനും ഒപ്പം ചേർത്തു വയ്ക്കാവുന്ന സ്ഥലമായി മണക്കാലയെ മാറ്റിയ ചരിത്രം അവിടെ തുടങ്ങുകയായിരുന്നു.

വാടകവീട്ടിലായിരുന്നു തുടക്കം. 1968-ൽ 27½ സെന്റ് സ്ഥലം വാങ്ങിയതാണ് സ്ഥിരമായ സഭാക്രമീകരണം ഉണ്ടാകുവാൻ കാരണം. ഇതിനിടയിൽ 1969-ൽ വീണ്ടും അമേരിക്കയിലെത്തിയപ്പോൾ കോശി സാറിനോട് ഫെയ്ത്ത് ചാപ്പലിലെ പാസ്റ്ററായ ഡാൻ ഇ.ചീറ്റ്വുഡാണ് ബൈബിൾ സ്കൂൾ തുടങ്ങുന്ന കാര്യം നിർദ്ദേശിക്കുന്നത്. 1970 സെപ്തംബർ 21-ന് ശാരോൻ തോമ്മാച്ചായനാണ് ബൈബിൾ സ്കൂൾ പ്രാർത്ഥിച്ച് ആരംഭിക്കുന്നത്.

1971 ആഗസ്റ്റ് 27-ന് മണക്കാലായിൽ വച്ച് നടന്ന സുവിശേഷയോഗത്തിലേക്ക് ആക്രമണമുണ്ടായതിനെത്തുടർന്ന് റ്റി.ജി.കോശിയുടെ തലക്കും അടിയേറ്റു. സ്വന്തനാട്ടിൽ നിന്നും സുവിശേഷത്തിന്റെ പേരിൽ കിട്ടിയ കിരീടമായി അദ്ദേഹം അതിനെ സ്മരിക്കുന്നു. ഇന്ന്, തല്ലുകാരിൽ പലരുടെയും പിൻതലമുറ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നു.

മണക്കാലക്ക് മറക്കാനാവാത്ത ദിനമായിരുന്നു 1983 ജൂൺ 24. (വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട പൊന്നമ്മാമ)അച്ചായന്റെ നിഴൽ പോലെ ഉണ്ടായിരുന്ന പ്രിയപ്പെട്ടവൾ നിത്യതയിലേക്ക് യാത്രയാകുമ്പോൾ പിന്നിലാക്കിയത് മൂന്ന് പെൺമക്കളെയുമായിരുന്നു. കുഞ്ഞുമോനച്ചായനും മക്കൾക്കുമൊപ്പം വിദ്യാർത്ഥി സമൂഹം മുഴുവൻ തേങ്ങി.

പിന്നീട് റാന്നി പുല്ലമ്പള്ളിൽ നമ്പൂരീയത്ത് വീട്ടിൽ ഏബ്രഹാം-മറിയാമ്മ ദമ്പതികളുടെ മകളായ മോളി എന്നറിയപ്പെടുന്ന ഏലിയാമ്മയെ ജീവിത സഖിയാക്കി. എബെൻ-ഏസറിലെത്തിയ ഏലിയാമ്മ റ്റി.ജി.കോശിക്കും കുഞ്ഞുങ്ങൾക്കും ഒരു തണലായി മാറി. പിന്നീട് ഇരുവർക്കുമായി ഒരു ആൺകുഞ്ഞിനെ ദൈവം ദാനം നൽകി.

രണ്ട് വാഗ്ദത്ത വചനങ്ങളാണ് കോശി സാറിനെ മുന്നോട്ട് നയിക്കുന്നത്. ഒന്ന്: സദൃശ്യവാക്യം 21:1 "രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോട് കണക്കെ ഇരിക്കുന്നു; തനിക്ക് ഇഷ്ടമുള്ളിടത്തൊക്കെയും അവൻ അതിനെ തിരിക്കുന്നു."

രണ്ട്: മത്തായി 6:32, "ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ".

കോശിസാർ ചവിട്ടിക്കയറിയ വിശ്വാസ പാതയിൽ നാട്ടിനിർത്തിയ നേട്ടങ്ങളുടെ നാഴികക്കല്ലുകൾ ഇനിയും ഏറെക്കാലം സ്വാധീനം ചെലുത്തുമെന്നതിന് രണ്ട് പക്ഷമില്ല.

ബി.റ്റി.എച്ച്, ബി.ഡി., എം.റ്റി.എച്ച്, പി.എച്ച്ഡി തുടങ്ങിയ സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ അംഗീകൃത ബിരുദങ്ങൾ മുതൽ വിവിധ സർട്ടിഫിക്കേറ്റ് പ്രോഗ്രാമുകൾ ഇംഗ്ലീഷ്-മലയാളം മീഡിയങ്ങളിൽ നൽകുന്ന ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി, ദൈവം അദ്ദേഹത്തിന് നൽകിയ ദർശനത്തിന്റെ മകുടോദ്ദാഹരണമാണ്. കൂടാതെ ഗുജറാത്ത്, ഒറീസ്സ, ഹരിയാന, കർണ്ണാടക തുടങ്ങി ഇന്ത്യൻ സംസ്ഥാനങ്ങളിലും അയൽരാജ്യമായ നേപ്പാളിലെ കാഠ്മണ്ഡുവിലും ബൈബിൾ ട്രെയിനിംഗ് സെന്ററുകൾ സജീവമായി പ്രവർത്തിക്കുന്നു. സഹോദരിമാർക്കായുള്ള ഫെയ്ത്ത് തിയോളജിക്കൽ കോളജ് ഓഫ് വിമൻ, വിശ്വാസ സത്യം എന്ന റേഡിയോ പ്രോഗ്രാം, നേരിട്ടുള്ളതായ സഭാ പ്രവർത്തനം തുടങ്ങി എണ്ണിപ്പറയുവാൻ ധാരാളമുണ്ട്.

മലയാളക്കരയിലെ പെന്തെക്കോസ്ത് സമൂഹത്തിൽ വേദശാസ്ത്ര പഠനരംഗത്ത് മാറ്റത്തിന്റെ കൊടുങ്കാറ്റായി മാറിയ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി എന്ന സ്ഥാപനം മാത്രം മതി പെന്തെക്കോസ്തിലെ ഇനിയുള്ള അനേകം തലമുറകൾക്ക് ഡോ.റ്റി.ജി.കോശി എന്ന ദാർശനികനെ ഓർത്തിരിക്കുവാൻ. മൂവായിരത്തിലധികം വിദ്യാർത്ഥികൾ പഠിച്ചിറങ്ങിയ വേദപഠന കേന്ദ്രത്തിലെ ബിരുദദാരികൾ ലോക ക്രിസ്തീയ സമൂഹത്തിൽ പ്രത്യേകിച്ച് മലയാളികൾക്കിടയിലും ആത്മീയ രംഗത്തെ സജീവ സാന്നിദ്ധ്യമാണ്.

മണക്കാലയിൽ പഠനം ആരംഭിച്ച് പൂർത്തിയാക്കാത്തവർ പോലും പെന്തെക്കോസ്തിന്റെ മുഖ്യധാരയിലെത്തി കഴിവ് തെളിയിക്കുമ്പോൾ സമർപ്പിതനായ ഒരു ദൈവദാസന്റെ ദീർഘവീക്ഷണത്തിനാണ് അടിവരയിടുന്നത്. പെന്തെക്കോസ്ത് വിശ്വാസികൾ കുടിയേറിപ്പാർക്കുന്ന ലോകത്തെ ഏതു പട്ടണത്തിലെ സഭകളിലും നേതൃത്വത്തിൽ ഒരു മണക്കാല ഗ്രാഡുവേറ്റ് ഉണ്ടെന്നത്, സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ എടുത്തതിന്റെ പേരിൽ ഏറെ പഴി കേട്ട ഡോക്ടർ കോശിയുടെ വിപ്ലവകരമായ തീരുമാനത്തിന് ലഭിക്കുന്ന അംഗീകാര പത്രമാണ്.

മികച്ച നേതാക്കന്മാർ, നിലവാരമുള്ള അധ്യാപകർ, നല്ല എഴുത്തുകാർ, കാമ്പുള്ള പ്രസംഗകർ, വ്യത്യസ്തരായ സഭാ ശുശ്രൂഷകർ, ക്രിസ്തീയ സാഹിത്യകാരന്മാർ, സമർത്ഥരായ സംഘാടകർ, മുഖ്യധാരാ സഭകളുടെ ബൈബിൾ സ്കൂളുകളിലെ ഉത്തരവാദിത്വമുള്ള പദവികൾ വഹിക്കുന്നവർ തുടങ്ങി ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി ക്രൈസ്തവ ലോകത്തിന് നൽകിയ സംഭാവന അതുല്യമാണെന്നതിന് സംശയം വേണ്ട.

2000-ലധികം സഭകളുള്ള ഷാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പ്രസിഡന്റ് എന്ന ഭാരിച്ച ഉത്തരവാദിത്തങ്ങൾ വഹിക്കുന്നതോടൊപ്പം ഇടതടവില്ലാതെ ആത്മീയ ശുശ്രൂഷകളുംനിർവ്വഹിക്കുന്ന വിശ്രമമില്ലാത്ത പോരാളിയേപ്പോലെ പടക്കളത്തിൽ നിലയുറച്ചു നില്ക്കുന്ന ഡോ.റ്റി.ജി. കോശി സാർ ദുരുപദേശക്കാറ്റുകളിൽ ആടിയുലയാതെ നില്ക്കുന്ന തീജ്വാല തന്നെയാണ്. ദൈവം നൽകിയ നാലു മക്കളും സകുടുംബം പിതാവിന്റെ ദർശന സാക്ഷാൽക്കാരത്തിനായി അഹോരാത്രം പ്രവർത്തിച്ചുകൊണ്ട് സുവിശേഷ മണ്ഡലത്തിൽ വിശ്വസ്തരായി നില്ക്കുന്നത് പിതാവ് എന്ന നിലയിൽ അദ്ദേഹത്തെ സന്തുഷ്ടനാക്കുന്നു.

'ഏഴു പത്തോ ഏറെ ആയാൽ എൺപത്' എന്ന് പ്രസ്താവിച്ച മോശയുടെ ആയുസ്സിന്റെ നിഗമനത്തെയും കടന്ന് മുന്നോട്ട് കുതിയ്ക്കുന്ന കോശി സാറിനെ ആദരിക്കുവാനുള്ള ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ തീരുമാനം നന്ദിയുടെ ഒരു പ്രതിഫലനം കൂടിയാണ്. 200-ലധികം സഭകൾ, 100-ലധികം മിഷണറിമാർ, തിയോളജിക്കൽ കോളജ്, ബാലഭവൻ, നേറ്റീവ് മിഷൻ സ്കൂളുകൾ, സ്ട്രീറ്റ് സ്കൂളുകൾ, ഗുണനിലവാരമുള്ള സ്കൂളുകൾ തുടങ്ങിയ പ്രവർത്തനങ്ങളുമായി വടക്കേ ഇന്ത്യയുടെ മണ്ണിൽ സുവിശേഷത്തേരുമായി ഉൾഗ്രാമങ്ങളിലേക്ക് കടന്നുകയറുന്ന ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ സ്ഥാപകനായ പാസ്റ്റർ സജി മാത്യുവിന്റെ ദർശനത്തിന് ഊടും പാവും പകർന്ന പല വസ്തുതകളുടെ കൂട്ടത്തിൽ മണക്കാലായിൽ നിന്ന് ലഭിച്ച മൂന്നു വർഷത്തെ വേദപഠനവുമുണ്ട് എന്നത് എടുത്തുപറയേണ്ടതാണ്. കുഞ്ഞുമോനച്ചായൻ കാണിച്ചുതന്ന ജീവിത വിശുദ്ധി, എളിമ ജീവിതം, അചഞ്ചലമായ ദൈവഭക്തി, സുവിശേഷ ദാഹം, മിഷണറി സ്പിരിറ്റ് എന്നിവ ഫെലോഷിപ്പ് ആശ്രം ചർച്ചിന്റെ കെട്ടുപണിക്കും ഊർജ്ജം പകർന്നു. അങ്ങ് ഞങ്ങളിൽ തന്ന വിശ്വാസത്തിന്റെ തിരിനാളം കെടാതെ സൂക്ഷിക്കുവാൻ കഴിയുന്നതിൽ അഭിമാനിക്കുന്നു.

ഇതുപോലെയുള്ള നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനീയരെ സൃഷ്ടിച്ച ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ അമരക്കാരന് ഏറ്റവും ഉചിതമായ ആദരം, അനേക കോടി ദൂതഗണങ്ങൾക്ക് മുമ്പിൽ ലക്ഷോപലക്ഷം വിശുദ്ധന്മാരെ സാക്ഷി നിർത്തി, കോടി കോടി സൂര്യനെ വെല്ലുന്ന പ്രഭയോടെ ശോഭിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തു ആ ദിവസം നൽകും എന്നതിന് സംശയമില്ല. "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, എന്ന വിളി അങ്ങയ്ക്കായി നമ്മുടെ നാഥൻ കരുതി വച്ചിട്ടുണ്ട്."

വിശ്വാസത്തിന്റെ പാതയിൽ യാത്ര ചെയ്ത അബ്രഹാമിനേപ്പോലെ, ജനലക്ഷങ്ങളെ മരുഭൂമിയിലൂടെ നയിച്ച മോശെയേപ്പോലെ, യിസ്രായേൽ ജനത്തെ വാഗ്ദത്ത നാട്ടിലെത്തിച്ച യോശുവയെപ്പോലെ, ഹെബ്രോൻ മല കീഴടക്കിയ കാലേബിനേപ്പോലെ, 80-ന്റെ പടി കടന്ന്, പ്രിയ കോശി സാർ, അങ്ങ് ഇനിയും മുന്നേറുക. കൂടുതൽ ധൈര്യത്തോടെ, കൂടുതൽ ശക്തിയോടെ, കൂടുതൽ ആവേശത്തോടെ മുന്നോട്ട് കുതിക്കുക.

പ്രാർത്ഥനയുടെ കരങ്ങൾ കോർത്ത് പതിനായിരങ്ങൾ അങ്ങേക്ക് പിന്നിലുണ്ട്. അങ്ങയുടെ ദർശനത്തിന്റെ ഉപോൽപ്പന്നങ്ങളായ നൂറുകണക്കിന് സുവിശേഷപ്പോരാളികൾ നിരുപാധിക പിന്തുണയുമായി ഉറച്ചു നിൽപ്പുണ്ട്. എന്റെ മുന്നിൽ നില്ക്കുന്ന ജനസമൂഹത്തെ സാക്ഷിയായി പറയട്ടെ, ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയിലെ ആയിരക്കണക്കിന് വിശ്വാസികൾ, നൂറിലധികം മിഷനറിമാർ, വിവിധ ഭാരവാഹികൾ, ഒഫീഷ്യൽസ് തുടങ്ങി ഫെലോഷിപ്പ് ആശ്രം കുടുംബം അങ്ങേക്ക് വേണ്ടി തുടർന്നും പ്രാർത്ഥിക്കുന്നതാണെന്ന് ഉറപ്പു തരുന്നു.

മണക്കാല സെമിനാരിയിൽ പഠിക്കുവാൻ അവസരം ലഭിച്ച ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ ചെയർമാൻ പാസ്റ്റർ സജി മാത്യുവിന്റെയും കൊങ്കൺ മുംബൈ മിഷന് നേതൃത്വം നൽകുന്ന എന്റെയും ഞങ്ങളുടെ കുടുംബങ്ങളുടെയും ആദരം ഇത്തരുണത്തിൽ അങ്ങേക്കും കുടുംബത്തിനും നേരുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



## അമേരിക്കൻ താൾ



# ശുഭപ്രതീക്ഷകളുമായി രാജു പൊന്നോലിൽ

കേരളത്തിലെ സഭാ-സംഘടന പ്രവർത്തനരംഗങ്ങളിൽ ശക്തമായ നേതൃത്വം നൽകിയിരുന്ന പലരും അമേരിക്കയിലേക്ക് കുടിയേറിക്കഴിഞ്ഞ് പൊതുപ്രവർത്തനരംഗത്തു നിന്ന് അപ്രത്യരായിട്ടുണ്ട്. അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സമൂഹത്തിൽ മുഖ്യധാരയിലേക്ക് ഉയർന്നു വരിക എന്നത് പുതുതായി എത്തുന്നവർക്ക് തികച്ചും ശ്രമകരമായ ദൗത്യമാണ്. എന്നാൽ പത്തനംതിട്ട ജില്ലയിൽ ചാന്തുകാവിൽ നിന്ന് 1997-ൽ മാത്രം അമേരിക്കയിലെത്തിയ ബ്രദർ രാജു പൊന്നോലിൽ അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ മുഖ്യധാരയിലെ പ്രമുഖരുടെ ലിസ്റ്റിൽ എത്തിപ്പെട്ടത് ചുരുങ്ങിയ കാലഘട്ടത്തിനിടയിലാണ്.

2008-ൽ അറ്റ്ലാന്റയിൽ നടന്ന അമേരിക്കൻ മലയാളി കോൺഫ്രൻസിന്റെ ട്രഷററായി തിരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹം അമേരിക്കയിലെത്തിയിട്ട് പത്തു വർഷമേ ആയിരുന്നുള്ളു. പിസിനാക്കിന്റെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ട്രഷറാർ. ഇപ്പോൾ ഐ.പി.സി.ഫാമിലി കോൺഫ്രൻസിന്റെ നാഷണൽ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. അമേരിക്കൻ പെന്തെക്കോസ്ത് പ്രസ്ഥാനത്തെക്കുറിച്ചും ഐ.പി.സി.സഭയെക്കുറിച്ചുമൊക്കെ വ്യക്തമായ ധാരണകളുള്ള ബ്രദർ രാജു പൊന്നോലിൽ ഹാലേലൂയ്യായോട് സംസാരിക്കുന്നു.

*? അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സഭകളുടെ ഭാവിയെക്കുറിച്ച് എന്ത് പ്രതീക്ഷകളാണുള്ളത്?*

പതിനഞ്ചു വർഷം മുമ്പ് ഞാൻ അമേരിക്കയിലെത്തിയപ്പോൾ അന്നത്തെ മലയാളി പെന്തെക്കോസ്തരുടെ മനോഭാവവും സാഹചര്യങ്ങളുമൊക്കെ വച്ച് ഞാൻ കണക്കു കൂട്ടിയത് ഏറി വന്നാൽ ഒരു 15 വർഷം കൂടിയേ അമേരിക്കൻ മലയാളി സഭകൾക്ക് ഭാവിയുള്ളു എന്നാണ്. അങ്ങനെ ചിന്തിക്കുവാൻ പല കാരണങ്ങളുണ്ടായിരുന്നു. മലയാളം സംസാരിക്കുവാൻ ഇഷ്ടപ്പെടാത്ത പുതിയ തലമുറ. മലയാളം മറക്കുവാൻ ആഗ്രഹിക്കുന്ന കുടിയേറ്റക്കാർ. എപ്പോഴും കേരളത്തെ കുറ്റം പറയുന്ന മനോഭാവം. മലയാളത്തിലുള്ള ആരാധനകൾ അധിക കാലം നിലനില്ക്കില്ലെന്ന് ന്യായമായും ഞാൻ ചിന്തിച്ചു.

എന്നാൽ ഇപ്പോൾ സാഹചര്യങ്ങൾ സമൂലമായി മാറിയിരിക്കുന്നു. അമേരിക്കയിലെത്തിയ ഒന്നാം തലമുറയ്ക്ക് സംഭവിച്ച തെറ്റുകൾ കഴിഞ്ഞ 15-20 വർഷത്തിനിടയിൽ കുടിയേറിയവർ ആവർത്തിച്ചില്ല. അവർ മാതൃഭാഷയെ മറന്നില്ല. വീടുകളിൽ അവർ മലയാളം സംസാരിക്കുന്നു. അമേരിക്കയിൽ ജനിച്ചു വളർന്ന തങ്ങളുടെ മക്കളെ മാതൃഭാഷ എന്ന നിലയിൽ മലയാളം പഠിപ്പിക്കുന്നു. ഭാഷ നഷ്ടമായാൽ നമ്മുടെ സംസ്ക്കാരവും ആത്മീയതയും പോലും നഷ്ടപ്പെടും എന്ന യാഥാർത്ഥ്യം എല്ലാവരും തിരിച്ചറിഞ്ഞു കഴിഞ്ഞു.

ഇവിടെ ആദ്യഘട്ടങ്ങളിൽ കുടിയേറിയവർ കേരളത്തിലെ സാധാരണമായ സാഹചര്യങ്ങളിൽ നിന്നാണ് അമേരിക്കയെന്ന അത്യാധുനിക സൗകര്യങ്ങളുള്ള തികച്ചും വ്യത്യസ്തമായ ഒരു ലോകത്ത് എത്തിപ്പെട്ടത്. തങ്ങൾക്ക് ഒഴുക്കോടെ പറയാനാവാത്ത ഇംഗ്ലീഷ് ഭാഷയിൽ തങ്ങളുടെ മക്കൾ സംസാരിച്ചു വളരുന്നത് അഭിമാനത്തോടെയും അല്പം അഹങ്കാരത്തോടെയും അവർ കണ്ട് സംതൃപ്തിയടഞ്ഞു. മക്കൾ വളർന്നു വന്നപ്പോൾ മാതാപിതാക്കളോടുപോലും സംസാരിക്കുവാൻ താല്പര്യമില്ലാത്തവരായി മാറി എന്നതായിരുന്നു ഇതിന്റെ പരിണിത ഫലം. നാടുമായോ അതിന്റെ സംസ്ക്കാരവുമായോ ബന്ധമില്ലാതെ വളർന്ന ഒരു തലമുറയുടെ ജീവിതം അമേരിക്കൻ ഭാഷയിൽ പറഞ്ഞാൽ "ലോസ്റ്റ് ജനറേഷൻ" എന്ന ഗണത്തിൽ പെടുത്തത്തക്കനിലയിൽ തകർന്നു പോയി. പലരുടെയും കുടുംബ ജീവിതം സോപ്പു കുമിള പോലെ പൊട്ടിപ്പോയി. ഈ അനുഭവപാഠങ്ങൾ പിന്നീട് വന്നവർ കണ്ടു മനസ്സിലാക്കിയതോടെ ഭാഷയുടെയും സംസ്ക്കാരത്തിന്റെയും മൂല്യം തിരിച്ചറിഞ്ഞു. ഇപ്പോൾ അമേരിക്കൻ മലയാളികൾ തങ്ങളുടെ മക്കളെ മലയാള ഭാഷ പഠിപ്പിക്കുവാൻ ശ്രമിക്കുന്നു.

ഞങ്ങളുടെ ലോക്കൽ സഭയിൽ മലയാള ഭാഷ പഠിപ്പിക്കുന്നതിന് ക്ലാസുകൾ നടത്തുന്നുണ്ട്. വലിയ ആവേശത്തോടെ കുട്ടികൾ ഇതിൽ പങ്കെടുക്കുന്നു. മാത്രവുമല്ല, ഉത്തരേന്ത്യയിലും മറ്റും ജനിച്ചു വളർന്ന് മലയാളവുമായി ബന്ധമില്ലാതെ പോയ പല മുതിർന്നവരും ഈ ക്ലാസുകളിൽ സജീവമായി പങ്കെടുക്കുന്നു.

ഇപ്പോഴത്തെ എന്റെ ചിന്തയിൽ അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സഭകൾക്ക് ശുഭകരമായ ഭാവിയുണ്ട്. പുതിയ തലമുറയെക്കൂടി ഉൾക്കൊണ്ട് അൽപ്പം വിശാല മനസ്സോടെ സഭ പ്രവർത്തിച്ചാൽ നമ്മുടെ സമ്പന്നമായ പൈതൃകം സൂക്ഷിക്കുന്ന പുതിയ തലമുറയെ വാർത്തെടുക്കുവാനും അതുവഴി ഭാരത സുവിശേഷീകരണത്തിനും കേരളത്തിലെ സഭകൾക്ക് ശക്തി പകരുവാനും അമേരിക്കൻ സഭകൾക്ക് സാധിക്കും.

*? അമേരിക്കൻ മലയാളി കോൺഫ്രൻസിന്റെ എക്സിക്യൂട്ടിവിൽ തീരെ ചെറിയ പ്രായത്തിലെത്തിയ ഒരാളെന്ന നിലയിൽ കോൺഫ്രൻസിന്റെ ഭാവിയെക്കുറിച്ച് ആശങ്കയുണ്ടോ?*

അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസ് ശരിക്കുമൊരു അത്ഭുതമാണ്. ഇത്രയധികം മലയാളി കുടുംബങ്ങൾ വർഷത്തിലൊരിക്കൽ ഒന്നിച്ച് താമസിച്ച് കോൺഫ്രൻസ് നടത്തുന്ന ഒരു പരിപാടിയും ലോകത്തിൽ വേറെ ഉണ്ടോ എന്നെനിക്കറിയില്ല. ഇതിന് തുടക്കം കുറിച്ചവരുടെ ദീർഘവീക്ഷണത്തെ എത്ര പുകഴ്ത്തിയാലും തെറ്റില്ല. അമേരിക്കൻ മലയാളി കോൺഫ്രൻസിന് ഇടക്കാലത്ത് ചെറിയ ചില പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടെങ്കിലും കോൺഫ്രൻസ് കൂടുതൽ ശക്തമായി മുന്നോട്ടുപോകുമെന്നാണ് എന്റെ പ്രതീക്ഷ. കാരണം ഇത് അമേരിക്കൻ മലയാളിയുടെ വികാരമാണ്.

താങ്കൾ അടുത്ത ഐ.പി.സി.ഫാമിലി കോൺഫ്രൻസിന്റെ സെക്രട്ടറിയാണല്ലോ. സഭകൾ പ്രത്യേകം പ്രത്യേകം ഫാമിലി കോൺഫ്രൻസുകൾ നടത്തുന്നത് പിസിനാക്കിനെ ദോഷകരമായി ബാധിക്കയില്ലേ?

> **ഇപ്പോൾ സാഹചര്യങ്ങൾ സമൂലമായി മാറിയിരിക്കുന്നു. അമേരിക്കയിലെത്തിയ ഒന്നാം തലമുറയ്ക്ക് സംഭവിച്ച തെറ്റുകൾ കഴിഞ്ഞ 15 -20 വർഷത്തിനിടയിൽ കുടിയേറിയവർ ആവർത്തിച്ചില്ല. അവർ മാതൃഭാഷയെ മറന്നില്ല. വീടുകളിൽ അവർ മലയാളം സംസാരിക്കുന്നു. അമേരിക്കയിൽ ജനിച്ചു വളർന്ന തങ്ങളുടെ മക്കളെ മാതൃഭാഷ എന്ന നിലയിൽ മലയാളം പഠിപ്പിക്കുന്നു. ഭാഷ നഷ്ടമായാൽ നമ്മുടെ സംസ്ക്കാരവും ആത്മീയതയും പോലും നഷ്ടപ്പെടും എന്ന യാഥാർത്ഥ്യം എല്ലാവരും തിരിച്ചറിഞ്ഞു കഴിഞ്ഞു.**

ആ ധാരണ തികച്ചും തെറ്റാണ്. അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സമൂഹം പണ്ടത്തേപ്പോലെ ചെറിയൊരു സമൂഹമല്ല. എല്ലാവർക്കും എല്ലാ കോൺഫ്രൻസിലും പങ്കെടുക്കുവാൻ പറ്റുന്നില്ലായിരിക്കാം. എങ്കിലും ഫാമിലി കോൺഫ്രൻസുകൾ എല്ലാം നല്ല ജനപങ്കാളിത്തം നേടുന്നുണ്ട്. എന്നാൽ ആ കാരണത്താൽ പിസിനാക്കിന് ആൾ കുറയുന്നുമില്ല.

*രണ്ടു വർഷത്തിലൊരിക്കൽ നടന്നിരുന്ന ഐ.പി.സി.കോൺഫ്രൻസ് ഇനി മുതൽ എല്ലാ വർഷവും നടക്കുകയാണല്ലോ. ഈ മാറ്റം അനിവാര്യമായിരുന്നോ?*

രണ്ടു വർഷത്തിലൊരിക്കൽ ഫാമിലി കോൺഫ്രൻസ് നടത്തുക എന്ന ആശയം നമ്മൾ മുന്നോട്ടുവച്ചു. നല്ലൊരു മാതൃക നമ്മൾ പ്രാവർത്തികമാക്കി. എന്നാൽ മറ്റൊരു പെന്തെക്കോസ്ത് പ്രസ്ഥാനവും ആ മാതൃക പിന്തുടരുവാൻ തയ്യാറായില്ല. ഈ സാഹചര്യത്തിൽ ഐ.പി.സി. മാത്രം രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്നതിൽ അർത്ഥമില്ലെന്നതിനാലാണ് എല്ലാ വർഷവും നടത്തുവാൻ തീരുമാനിച്ചത്.

*? ഐ.പി.സി.പ്രസ്ഥാനത്തെക്കുറിച്ച്?*

ഇന്ത്യാ പെന്തെക്കോസ്തു സഭയിൽ അംഗമാണെന്ന് പറയുന്നതു തന്നെ അഭിമാനകരമായ കാര്യമാണ്. എന്റെ പിതാക്കന്മാർ റാന്നി നെല്ലിക്കമൺ സഭയിലെ ആദ്യകാല അംഗങ്ങളാണ്. ഞങ്ങളുടെ കുടുംബം പില്ക്കാലത്ത് പത്തനംതിട്ടയിൽ കടമ്മനിട്ട ഭാഗത്തേക്ക് മാറി താമസിച്ചു. 1928-ലാരംഭിച്ച മേക്കൊഴൂർ സഭയുടെ (ഇപ്പോൾ ചാന്തുകാവ്) ഭാഗമാണ് ഞാൻ.

ഇത്തവണ അവധിക്ക് വന്നപ്പോൾ ചില ദിവസങ്ങളിൽ കുമ്പനാട്ടു നടന്ന ഉപവാസ പ്രാർത്ഥനയിൽ ഞാൻ പങ്കെടുത്തു. ആയിരക്കണക്കിനാളുകൾ കുമ്പനാട് കൺവൻഷന് വരുന്നതുപോലെ ഒഴുകിയെത്തി ഉപവസിച്ചിരിക്കുന്നത് കണ്ടപ്പോൾ കണ്ണു നിറഞ്ഞുപോയി. നമ്മുടെ പ്രസ്ഥാനത്തിന്റെ ആത്മീയ ഉണർവ്വിന്റെ കാലമാണിത്. പാസ്റ്റർ ജേക്കബ് ജോണിനേപ്പോലെ ഒരു പ്രാർത്ഥനാ മനുഷ്യൻ നേതൃത്വത്തിൽ ഉണ്ടെന്നതു തന്നെ ദൈവം ഈ സഭയെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. സഭാ രാഷ്ട്രീയത്തിന്റെ അതിപ്രസരവും ഇലക്ഷൻ രീതിയുമൊക്കെ ഐ.പി.സി.യുടെ ചില ബലഹീനതകളാണ് എന്നാൽ അതിനെല്ലാം അപ്പുറം ഇതൊരു ആത്മീയ മുന്നേറ്റമാണ്.

*? അമേരിക്കയിലെ ഐ.പി.സി.ക്ക് പാസ്റ്റർ എ.സി.ജോർജ്ജ്, കെ.വി.കുര്യൻ, ജോൺ ദാനിയേൽ തുടങ്ങിയ ശക്തരായ ദൈവദാസന്മാരെ നഷ്ടമായത് ഒരു നേതൃത്വ ശൂന്യത ഉണ്ടാക്കിയിട്ടില്ലേ?*

തികച്ചും ശരിയാണ്. ഒന്നാം തലമുറ നേതാക്കളിൽ പാസ്റ്റർ മാത്യു സാമുവേൽ, പാസ്റ്റർ പി.ഫിലിപ്പ് തുടങ്ങി വിരലിലെണ്ണാവുന്നരേ ഇനിയുള്ളു. എങ്കിലും മിടുക്കരായ വിദ്യാഭ്യാസവും ദൈവകൃപയുമുള്ള ധാരാളം ശുശ്രൂഷകന്മാർ ഐ.പി.സിക്കുണ്ട്. അവരിൽ ചിലർ നേതൃത്വത്തിലേക്ക് ഉയർന്നു വരും എന്ന പ്രതീക്ഷ എനിക്കുണ്ട്. ഇപ്പോൾ സഭകളിലെ ഭരണപരമോ സംഘടനാപരമോ ഒക്കെയായ കാര്യങ്ങളിൽ ഉപദേശം തേടുവാൻ ശുശ്രൂഷകന്മാരേക്കാൾ പരിചയ സമ്പന്നരായ ധാരാളം അത്മായർ അമേരിക്കൻ സമൂഹത്തിൽ ഉണ്ടെന്നതും എടുത്തു പറയേണ്ടതാണ്.

*? എന്തുകൊണ്ടാണ് ഐ.പി.സിക്ക് അമേരിക്കയിൽ ഏകീകൃത ഭരണസംവിധാനം ഉണ്ടാകാത്തത്? ആരാണതിന് തടസ്സം?*

അതിന് അമേരിക്കയിൽ ആരും തടസ്സമാണെന്ന് തോന്നുന്നില്ല. 1991-ൽ പാസ്റ്റർ എ.സി.ജോർജ്ജ്, ജോർജ്ജ് മുരുപ്പേൽ, എന്നിവരുടെ നേതൃത്വത്തിൽ ഇങ്ങനെയൊരു കൗൺസിൽ എന്ന നിർദ്ദേശം ജനറൽ കൗൺസിലിൽ കൊണ്ടു വന്നതാണ്. കുമ്പനാട്ടു നിന്നാണ് അതിനെതിരെ നീക്കമുണ്ടായതെന്നാണ് എന്റെ അറിവ്. ഇപ്പോൾ 20 വർഷത്തിന് ശേഷം സഭകൾ ഇരട്ടിയിലേറെയായിക്കഴിഞ്ഞു. ഇനിയെങ്കിലും അത് അനിവാര്യമാണ്.

*? അടുത്ത ഫാമിലി കോൺഫ്രൻസിനെക്കുറിച്ച്?*

12-ാമത് ഫാമിലി കോൺഫ്രൻസ് ഹൂസ്റ്റൺ പട്ടണത്തിൽ നടക്കും. 5000 പേർ പങ്കെടുക്കത്തക്ക നിലയിൽ വിപുലമായ ഒരുക്കങ്ങളാണ് നടത്തുന്നത്.

*? കുടുംബം*

എന്റെ ഭാര്യ സിബി. കുമ്പനാടാണ് സ്വദേശം. തോമ്പുംകുഴിയിൽ ചെള്ളേത്ത് കുടുംബാംഗം. യാക്കോബാ സഭയിൽ നിന്നും ഏകയായി വിശ്വാസത്തിൽ വന്നു. ന്യൂയോർക്കിലെ പാസ്റ്റർ കെ.വി.കുര്യൻ അവസാനമായി സ്നാനപ്പെടുത്തിയത് സിബിയെയാണ്. ന്യൂയോർക്കിൽ വച്ചാണ് ഞങ്ങൾ വിവാഹിതരായത്. രണ്ടു മക്കൾ. സ്റ്റീഫൻ (8), ഫിലിപ്പ് (5).

*മാതാപിതാക്കൾ:* പിതാവ്: കെ.വി. ഏബ്രഹാം, അമ്മ: ശോശാമ്മ, ഇരുവരും എന്നോടൊപ്പം താമസിക്കുന്നു. ഞങ്ങൾ ഏഴു സഹോദരങ്ങളിൽ ആറു പേരും അമേരിക്കയിലും ഏക സഹോദരി യു.കെയിലുമാണ്.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ പഠനശേഷം രാജു പൊന്നോലിൽ അമേരിക്കയിൽ പഠനം പൂർത്തിയാക്കി. കഴിഞ്ഞ 13 വർഷമായി ഫ്ളോറിഡയിൽ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് എന്ന പ്രസ്ഥാനത്തിന്റെ ഐ.റ്റി.അഡ്മിനിസ്ട്രേഷനിൽ ജോലി ചെയ്യുന്നു.

കേരളത്തിൽ ആയിരുപ്പോൾ ഗുഡ്ന്യൂസ് ബാലലോകത്തിലും പി.വൈ.പി.എ. സ്റ്റേറ്റ് കമ്മറ്റിയിലും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അമേരിക്കൻ റൈറ്റേഴ്സ് ഫോറം സെക്രട്ടറി, ഐ.പി.സി.ഒർലാന്റോയുടെ സെക്രട്ടറി എന്നീ നിലകളിലും, ഐ.പി.സി. കോട്ടയം സെമിനാരിയുടെ ബോർഡ് മെമ്പറായും പ്രവർത്തിക്കുന്നു.

ഒർലാന്റോ ഐ.പി.സി.സഭ പാസ്റ്റർ ജേക്കബ് മാത്യുവിന്റെ നേതൃത്വത്തിൽ ബീഹാറിൽ ഇപ്പോൾ അറുപതോളം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# സ്വതന്ത്രസഭകളുടെ കോൺഫ്രൻസ് ന്യൂയോർക്കിൽ



*പാസ്റ്റർ രാജൻകുഞ്ഞ്, പാസ്റ്റർ തോമസ് വർഗീസ്, ഇവാ.വർഗീസ് മാത്യു , റെജിമോൻ തോമസ്, പാസ്റ്റർ മാത്യു സാമുവേൽ*

ന്യൂയോർക്ക്: അമേരിക്കയിലെ സ്വതന്ത്രസഭകളുടെ കൂട്ടായ്മയായ ഇന്ത്യൻ പെന്തെക്കോസ്ത് ഫെലോഷിപ്പ് ഓഫ് അമേരിക്കയുടെ 17-ാമത് കോൺഫ്രൻസ് ന്യൂയോർക്കിലെ ക്യൂൻസ് വില്ലേജിൽ നടക്കും. ജൂൺ 21-23 വരെ ക്യൂൻസ് ചർച്ച് ഓഫ് ഗോഡ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ പാസ്റ്റർ ഫിന്നി ശാമുവേൽ റാഞ്ചി മുഖ്യപ്രസംഗകനായിരിക്കും.

പാസ്റ്റർ രാജൻകുഞ്ഞ് (പ്രസിഡന്റ്), പാസ്റ്റർ തോമസ് വർഗീസ് (വൈസ് പ്രസിഡന്റ്), ഇവാ. വർഗീസ് മാത്യു (സെക്രട്ടറി), റെജിമോൻ തോമസ് (ട്രഷറാർ), സാലി വർഗീസ് (ലേഡീസ് കോർഡിനേറ്റർ), ജിം ഏബ്രഹാം (യൂത്ത് കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകുന്നു. നാഷണൽ കോർഡിനേറ്ററായി പാസ്റ്റർ മാത്യു സാമുവേൽ നേതൃത്വം നൽകുന്നു.



# 31st PCNAK 2013

**Theme: "FAITHFUL STEWARDS 1 COR. 4:2"** **JULY 4-7, 2013**

**Connecticut Convention Center, 100 Columbus Blvd, Hartford, CT 06103**

## SPEAKERS



Rev. K.C. John



Rev. R. Abraham



Rev. Mathew Barnett



Rev. Sam P. Chelladurai



Rev. Zac Poonnen



Rev. Tobey Montgomery



Rev. Noble P. Thomas



Sis. Padma Mudaliar

## അനുഗ്രഹത്തിന്റെ നാല് ദിനങ്ങളിലേക്ക് സ്വാഗതം

ആരാധന...വചനധ്യാനം...മധ്യസ്ഥപ്രാർത്ഥന...

**യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും സഹോദരിമാർക്കും പ്രത്യേക പ്രോഗ്രാമുകൾ..**

Website : www.pcnak.com
Email : convener@pcnak.com
Ph: (516)-286-0345

## ഇത് പ്രാർത്ഥനയാൽ നടക്കുന്ന കോൺഫറൻസ്

**National Convener**
**Rev. Sunny Philip**



എല്ലാ കോൺഫറൻസുകളുടെയും പിന്നിൽ പ്രാർത്ഥന ഉണ്ട്. പ്രാർത്ഥന കൂടാതെ ഒരു ആത്മീയ സംഗമം നടത്തുവാൻ ഒരുങ്ങുന്നത് ഭോഷത്തരം ആണ്. പ്രാർത്ഥനകൾക്ക് മറുപടി തരുന്ന ദൈവം ആണ് നമ്മുടെ ദൈവം. അതുകൊണ്ടാണ് നമ്മുടെ കോൺഫറൻസുകൾ വിജയിച്ചിട്ടുള്ളത്. എന്നാൽ അത് എല്ലാ കാലത്തേക്കാളും പ്രാർത്ഥന ആവശ്യമായിരിക്കുന്ന കോൺഫറൻസാണിത്.

കാനഡായിൽ വെച്ച് ഈ കോൺഫറൻസിന്റെ ചുമതല ഏറ്റെടുത്തപ്പോൾ ഒരു കാര്യം മാത്രമേ ഞാൻ വാഗ്ദാനം ചെയ്തുള്ളൂ. അടുത്ത ജൂലൈ 7വരെ മുട്ടിന്മേൽ നിൽക്കാം എന്നതായിരുന്നു ആ വാഗ്ദാനം. അത് ഇന്നുവരെ പാലിച്ചിട്ടുണ്ട്. ഇനിയും ഉള്ള ദിവസങ്ങളിലും പാലിക്കും.

ഈ കോൺഫറൻസിന്റെ ശക്തി പണത്തിന്റെ ശക്തിയല്ല, സംഘടനാ ശക്തിയുമല്ല. ഇത് പ്രാർത്ഥനയുടെ ശക്തിയാൽ നടക്കുന്ന കോൺഫറൻസ് ആയിരിക്കും.

പ്രാർത്ഥനയുടെ വില ഈ കോൺഫറൻസിൽ ഉടനീളം നാം കാണും. ഉണർവിന്റെ അഗ്നി നാളങ്ങൾ ആളിക്കത്തും. ആഴമായ വചന ധ്യാനത്തിന്റെ മുമ്പിൽ ജീവിതങ്ങൾ രൂപാന്തരപ്പെടും. ആത്മാവിന്റെ ഐക്യതയിൽ നാം നാലു ദിവസങ്ങൾ ഒന്നിച്ചു സന്തോഷം പങ്കിടും. സംതൃപ്തരായി നാം മടങ്ങും.

ദൈവജനത്തിന്റെ ഐക്യത്യുടെ പ്രതീകമായ നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫറൻസ് ശക്തിയോടെ മുന്നേറുവാനും നിലനിൽക്കുവാനും നമുക്ക് പ്രാർത്ഥിക്കാം. കരങ്ങൾ കോർക്കാം..

ഇതുവരെ നടത്തിയ ദൈവം തുടർന്നും നടത്തും. പ്രാർത്ഥനയോടെ കോൺഫറൻസിനു വരുവാൻ എല്ലാ പ്രീയപ്പെട്ടവരെയും ഞങ്ങൾ ക്ഷണിക്കുന്നു.

## ഇത് യുവജനങ്ങളുടെ കോൺഫറൻസ്

ലോകമെങ്ങും യുവജനങ്ങളുടെ മുന്നേറ്റമാണ് കാണുന്നത്. നമ്മുടെ സഭയുടെ ഭാവി യുവജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. യുവജനങ്ങൾ ആത്മാവിൽ നിറഞ്ഞവരായും ദൈവവചനം ഉള്ളിലുള്ളവരുമായും ശത്രുവിനെ ജയിച്ചു എന്നാണ് യോഹന്നാൻ അപ്പൊസ്തലൻ പറയുന്നത്. ആത്മാവിന്റെ ബലം ഏറ്റെടുത്തും ദൈവവചനം നിലനിന്നും ശത്രുവിനെ ജയിച്ചും മുന്നേറുവാൻ ഈ കോൺഫറൻസ് യുവജനങ്ങൾക്ക് ഉത്തേജനം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ കോൺഫറൻസിൽ പങ്കെടുക്കുന്ന ഓരോ യുവജനങ്ങൾക്കും മറക്കാനാവാത്ത ആത്മീയ അനുഭവം ലഭ്യമാകട്ടെ. ഉത്സാഹത്തോടെ കടന്നു വരിക പുതിയ സമർപ്പണത്തോടെ മടങ്ങാം.

**National Youth Coordinator**
**Bro. Ashish Jacob**



## ഐക്യത്തിന്റെ കാഹളം മുഴക്കാം

**National Secretary**
**Bro. Rajan Ariyappallil**



പെന്തക്കോസ്ത് സമൂഹത്തിന് മാതൃകയാണ് നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫറൻസ്. സംഘടനാ ബലവും എഴുതപ്പെട്ട നിയമാവലിയും ഇല്ലാതെ മൂന്നു പതിറ്റാണ്ടുകൾക്കിപ്പുറവും കൂട്ടായ്മയുടെ ഉത്തമ മാതൃകയായി ഈ കോൺഫറൻസ് നിലനിൽക്കുന്നതുതന്നെ ദൈവ കൃപയൊന്നു മാത്രമാണ്. പ്രതികൂല സാഹചര്യങ്ങളിലും ദൈവം ഇത്രത്തോളം സഹായിച്ചു. കടന്നു വരുന്ന ദൈവജനത്തിന് ആത്മീയ അനുഗ്രഹം ആവോളം ലഭിക്കത്തക്ക നിലയിലുള്ള പ്രോഗ്രാമുകളാണ് ഇത്തവണ ക്രമീകരിച്ചിരിക്കുന്നത്. ആഴമായ വചനശുശ്രൂഷയും ആരാധനയും മറക്കാൻ ആവാത്ത അനുഭവം ആകും എന്നതിൽ സംശയം വേണ്ട. പ്രതീക്ഷയോടെ കടന്നു വരിക. ആത്മീയ അനുഗ്രഹവും വിടുതലും പ്രാപിച്ച് സന്തോഷത്തോടെ മടങ്ങുവാൻ ഏവർക്കും ഈ കോൺഫറൻസ് മുഖാന്തരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും ഹൃദയംഗമമായ സ്വാഗതം.

## ഹൃദയം നിറഞ്ഞ നന്ദി!!!

**National Treasurer**
**Bro. Joice P. Mathews**



ക്രിസ്തുവിൽ നമ്മെ എപ്പോഴും ജയോത്സവമായി നടത്തുന്ന ദൈവത്തിനു സ്തോത്രം! PCNAK ന്റെ മുപ്പത്തിയൊന്നാമതു കോൺഫറൻസ് നടക്കാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോൾ ഇതുവരെ കരം പിടിച്ചു നടത്തിയ ദൈവത്തിനു നന്ദി പറയാതിരിക്കാൻ കഴിയുന്നില്ല. ദൈവത്തിന്റെ മഹത്വം ഒരിക്കലൂടെ അനുഭവിച്ചറിയാൻ ഞാൻ അമേരിക്കയിലും കാനഡയിലുമുള്ള എല്ലാ ദൈവമക്കളെയും സഭാ വ്യത്യാസമില്ലാതെ സ്വാഗതം ചെയ്യുന്നു.

കോൺഫറൻസിന്റെ സാമ്പത്തികാവശ്യങ്ങളിൽ ഞങ്ങളോട് സഹകരിച്ച സഭകളെയും ദൈവദാസന്മാരെയും ദൈവമക്കളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അവരുടെ സഹകരണം ഞങ്ങളുടെ ഹൃദയം തണുപ്പിച്ചു.

ഈ കോൺഫറൻസിന്റെ അനുഗ്രഹത്തിനായി ഞങ്ങളോട് സഹകരിക്കുന്ന എല്ലാ സഭകളോടും ദൈവദാസന്മാരോടും ദൈവമക്കളോടും എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു കൊള്ളുന്നു. എല്ലാവരെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!



**Mathew Oommen**
**Local Coordinator**

**സപ്ലിമെന്റ് തയ്യാറാക്കിയത്**
**ബോവസ് ചാക്കോ**
**മീഡിയ സെക്രട്ടറി**

## ഗ്രാജുവേഷൻ സർവ്വീസ്



കർണ്ണാടക: ഐ.പി.സി.കർണ്ണാടക ബൈബിൾ കോളജ് ഗ്രാജുവേഷൻ സർവ്വീസ് ജൂൺ 1-ന് നടന്നു. പാസ്റ്റർ തോമസ് ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു. അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ ജോൺ മാത്യു സ്വാഗതം ആശംസിച്ചു. 40 വിദ്യാർത്ഥികൾ ഗ്രാജ്വേറ്റ് ചെയ്തു. പ്രിൻസിപ്പാൾ പാസ്റ്റർ സാം ജോർജ്ജ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ റ്റി.ഡി.തോമസ് അനുഗ്രഹ പ്രാർത്ഥന നടത്തി. പാസ്റ്റർ വർഗീസ് ഫിലിപ്പ്, ഏബ്രഹാം മാത്യു, രാജൻ ജോൺ എന്നിവർ ആശംസയറിയിച്ചു.

## സഭാശുശ്രൂഷകന്മാരെ ആദരിച്ചു.

തിരുവനന്തപുരം: എ.ജി ദക്ഷിണമേഖലയിൽ 40 വർഷം സേവനം അനുഷ്ഠിച്ച സഭാശുശ്രൂഷകന്മാരെ മെയ് 3 ന് കാട്ടാക്കടയിൽ നടന്ന ദക്ഷിണ മേഖലാ യോഗത്തിൽ ആദരിച്ചു. പാസ്റ്റർമ്മാരായ ഡി.ജയരാജ്, ഡി. വിൽഫ്രഢ് സാം, ജെ.സ്റ്റീഫൻ, ജെ. വില്ല്യം, ജെ.എൽ.മോസസ്, എച്ച്.സ്റ്റീഫൻസൺ, ടി.ജെ.രാജൻ എന്നിവരെയയാണ് പൊന്നാട അണിയിച്ച് ആദരിച്ചത്. ഇവർക്ക് മൊമന്റോയും നൽകി. ദൈവം നടത്തിയ വിധങ്ങളെ ദൈവദാസന്മാർ നന്ദിയോടെ സ്മരിച്ചത് സദസിന് ആവേശമായി. മേഖലാ ഡയറക്ടർ പാസ്റ്റർ.എൻ.ക്രിസ്തുദാസ് നേതൃത്വം നൽകി.

## വിദ്യാഭ്യാസ സഹായം

ഉപ്പുതറ: ഐ.പി.സി.ഉപ്പുതറ സെന്ററിലെ നിർധന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം വിതരണം ചെയ്തു. മാസയോഗത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ പാസ്റ്റർ കെ.വി.വർക്കി വിതരണം നിർവ്വഹിച്ചു. പാസ്റ്റർ സുനിൽ ജോൺ നേതൃത്വം നൽകി.

## പുതിയ പ്രവർത്തനം

ഉപ്പുതറ: ആദിവാസി മേഖലയായ കോഴിമലയിൽ ഐ.പി.സി.ഉപ്പുതറ സെന്റർ സഭാ പ്രവർത്തനം ആരംഭിച്ചു. പാസ്റ്റർ സാബു ഇവിടെ പ്രവർത്തിക്കുന്നു. പാസ്റ്റർ ഷിബു നെടുവേലി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ.വി.വർക്കി അദ്ധ്യക്ഷത വഹിച്ചു.

## പാസ്റ്റർ ജോൺ ജോർജ്ജ്– ഐ.പി.സിയിലെ ഏറ്റവും പ്രായം കുറഞ്ഞ സെന്റർ പാസ്റ്റർ



പന്തളം: പാസ്റ്റർ ജോൺ ജോർജ്ജിന് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ പന്തളം സെന്റർ പാസ്റ്ററായി ഐ.പി.സി. കേരളാ സ്റ്റേറ്റ് പ്രസ്ബിറ്ററി നിയമിച്ചു. തന്റെ പിതാവ് പരേതനായ കെ.ഒ.ജോർജ്ജിന്റെ മരണാനന്തരം പന്തളം സെന്റർ കൺവീനറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.


ചെന്നൈ – വേളാച്ചേരിയിൽ ആരാധനയ്ക്ക്

**ഐ.പി.സി.ഹോരേബ് വർഷിപ്പ് സെന്റർ**



200ft റോഡ്-വേളാച്ചേരി കാമാക്ഷി ഹോസ്പിറ്റലിന് സമീപം
No.73, III St., ശ്രീനഗർ-ചെന്നൈ-600 100
* ECR റോഡിൽ നിന്ന് - 6km * OMR റോഡിൽ നിന്ന് - 2km
* GST റോഡിൽ നിന്ന് -7KM * Airport-ൽ നിന്നും -8km
* Velachery railway Station-ൽ നിന്ന് 2 ½ km.

മലയാളം ആരാധനക്കും പ്രാർത്ഥനാവശ്യങ്ങൾ, കൗൺസിലിംഗ്, വ്യക്തിഗത സുവിശേഷീകരണം, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.

പാസ്റ്റർ ടി.എസ്.പ്രസാദ് 9444033340
email: tsprasadh@gmail.com | tsprasadh@yahoo.com



ആത്മീയ ആരാധനയ്ക്കായി

**അസംബ്ലീസ് ഓഫ് ഗോഡ്. ചൂണ്ടി, ആലുവയിലേക്ക് സ്വാഗതം**

ആരാധന ഞായർ 10–1

പാസ്റ്റർ തോമസ് ജോസഫ്,
പ്രണവം കോംപ്ലക്സ്, ചൂണ്ടി, ആലുവ–683112
ഫോൺ: 9645875599, 9645875686


# OPA-CESS

**(ORGANIZATION OF THE PENTECOSTAL ASSEMBLY'S CHARITABLE AND EDUCATIONAL SERVICES SOCIETY)**

## 2ND ANNUAL GENERAL BODY MEETING

**on July 20, 2013 (12.30 to 1.30 pm)**
**Venue : Sharon Auditorium, Thiruvalla.**
**(AFTER OPA FAMILY CONFERENCE)**

**ALL MEMBERS ARE REQUESTED TO ATTEND THE MEETING**

**(MEMBERSHIP ISSUE AND RENEWAL WILL BE AVAILABLE AT THE MEETING PLACE)**


INFANT JESUS
GROUP OF ENGINEERING COLLEGES
♦ Colleges Approved by AICTE, New Delhi ♦ Affiliated to Anna University
[Christian Minority - ISO 9001 : 2008 Certified Institutions]
TIRUNELVELI, THOOTHUKUDI 628851

100% Placement Assistance | Lateral Entry Seats Available
KERALA FOOD RAGGING FREE CAMPUS | 14 ANNA UNIVERSITY RANK HOLDERS

BE •AERO•AUTO•CIVIL•CSE •ECE•EEE•MECH•IT
ME •AERO •Applied Electronics •CAD/CAM •CSE •PED •ECE•Engg. Design•Commn. Systems • Structural Engineering •MBA

NO DONATION Fees 90,000 / Yr. INCLUDING TUTION FEES FOOD & ACCOMODATION



പോളി ഡിപ്ലോമ
COMPUTER SCIENCE, ELECTRONICS & COMMUNICATION
ELECTRICAL & ELECTRONICS, PETROCHEMICAL
CIVIL, CHEMICAL, MECHANICAL & AUTOMOBILE
No.1 COLLEGE IN ERODE DIST.
100% PLACEMENT ASSISTANCE | KERALA FOOD | RAGING FREE CAMPUS
KONGHU VELALAR POLYTECHNIC COLLEGE
AFFILIATED TO THE AICTE, NEW DELHI & DOTE TAMILNADU.
PERUNDURAI, ERODE
AICTE അംഗീകാരമില്ലാത്ത കോളജുകളിൽ ചേർന്ന് വഞ്ചിതരാകരുത്!
Call @ 9947963438 9847170530
College Information Centre, 1st Floor, Amprayil Bldgs, YMCA Jn. THIRUVALLA Ph: 0469-2620999, 2606002
LATERAL ENTRY FOR +2 SCIENCE / VHSE / ITI
Global, Tvla


# KERALA CHRISTIAN ASSEMBLY TORONTO

## SEEKING SENIOR PASTOR

KCA is one of the largest Malayalee Pentecostal churches in North America. Our membership also consist a large youth group. We are currently seeking applications from suitable candidates to fill the position of Senior Pastor from July 2014.

The candidate may posses a minimum qualification of Master of Theology degree or equivalent; and at least 10 years of pastoral experience in established churches preferably in North America. He shall have fluency in Malayalam and English languages.

The candidate shall be passionate for God and have a Christ-like spirit. These qualities will be evidenced in his personal life, his family relationships, and his ministry. Must have the capacity to envision the future and its possibilities and possess the leadership skills necessary to lead a large church.

Interested candidates please contact through email secretary@keralachristianassembly.com

## പുസ്തക പ്രകാശനം



തിരുവല്ല: പാസ്റ്റർ രാജൻ പരുത്തിമൂട്ടിൽ (ഡാളസ്) രചിച്ച "സർവ്വേശ്വരാ സമ്മാന സമാഹാരം" എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ചെന്നൈ ഇമ്മാനുവേൽ പബ്ലിക്കേഷൻ ഉടമ ഇവാ.സി.ഐ. ജോർജ്ജിന് നൽകിക്കൊണ്ട് സുവി.പി.ഐ.ഏബ്രഹാം നിർവ്വഹിച്ചു. തിരുവല്ലാ വൈ.എം.സി. എയിൽ ജൂൺ 1-ന് നടന്ന ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് സെമിനാറിൽ വച്ചാണ് പ്രകാശനം നടന്നത്.

## വിശക്കുന്നവർക്ക് ആഹാരവുമായി ഒരു സ്ത്രീ കൂട്ടായ്മ



ഛത്തീസ്ഗഡിന്റെ തലസ്ഥാനമായ റായ്പ്പൂരിൽ കഴിഞ്ഞ ഒരു വർഷമായി ഇമ്മാനുവേൽ ഫെലോഷിപ്പ് സഭയിലെ വിശ്വാസികളായ സ്ത്രീകൾ റെയിൽവേ സ്റ്റേഷനിലും, ബസ് സ്റ്റാൻഡിലും ചപ്പു കൂമ്പാരങ്ങളുടെ ഇടയിലും വിശന്നു വലയുന്നവർക്ക് ആശ്വാസമാകുന്നു. ഒരു ദിവസം ഒരു നേരമെങ്കിലും ആഹാരം കൊടുക്കുക എന്ന ലക്ഷ്യവുമായി പ്രയത്നിക്കുന്നതോടൊപ്പം അവരോട് ക്രിസ്തുവിന്റെ സ്നേഹത്തെ പങ്കിട്ട് അവരെ ക്രിസ്തുവിനായി നേടുവാൻ പരിശ്രമിക്കുന്നു. മയക്കു മരുന്നിനടിമകളായ കുട്ടികളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യവുമുണ്ട്. ഇവരെ എങ്ങനെയും ക്രിസ്തുവിന് വേണ്ടി നേടുവാൻ നിങ്ങളുടെ സഹായം ചെറുതായാലും വലുതായാലും ഈ സ്ത്രീ സംഘടനക്ക് നൽകി പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യണമേ.

**ഞങ്ങളുടെ ലക്ഷ്യം**

**1. മയക്കു മരുന്നിന് അടിമകളായവരെ രക്ഷിക്കുക (2) നിർധനരായ 10 പെൺകുട്ടികളെ വിവാഹം കഴിപ്പിക്കുക - നിങ്ങളുടെ സഹായങ്ങൾ**

**Emmanuel Fellowship Society-The Federal Bank, Raipur Branch, No.14450100039230 എന്നതിലോ Mrs.Lailamma Raju , C-57, Rishabh Nagar, P.O.Ravigram, Amlidih, Raipur, (C.G.), Pin-492 006**
**email: efsocietyraipur@gmail.com**


ADMISSION OPEN
APPLY NOW

Helping You Reach Your DREAM CAREER



MBBS | BDS
Pharm.D

Few Seats Available

| | |
|---|---|
| B.E/B.TECH | Mechanical \|Automobile \| Civil \| Marine Aeronautical \| Computer Science \| Electronics |
| Medical & Paramedical | Nursing \| Pharmacy \| Perfusion Technology Renal Dialysis \| O.T Technology \| BPT\|BOT... |
| AVIATION | BBA in Aviation \| MBA in Aviation |
| MANAGEMENT | BBA \| BBM \| BHM \| BTA \| BSW \| MBA \| MCA \| MTA \|MSW .... |
| OTHER COURSES | Fashion Designing \| Interior Designing \| Visual Communication \| journalism \| ACCA Cosmetology \| Gems & Jewellery ... |

Call Us @ 9847143030 / 9447413000

DISHAA FOUNDATION
2nd floor, Sankaramangalam Buildings
Cross Junction, Thiruvalla-1
0469-3250555/3268555, 9847143030

www.dishaafoundation.com



# താബോർ ബൈബിൾ കോളജ്

## പി.എം.ജി.ജംഗ്ഷൻ, തിരുവനന്തപുരം-695 033

(ഐ.പി.സി.താബോർ സഭയുടെ പൂർണ്ണചുമതലയിൽ നടത്തപ്പെടുന്ന ഐ.പി.സി.ജനറൽ കൗൺസിലിന്റെ അംഗീകാരവും ഐ.എ.റ്റി.എയുടെ അംഗത്വവുമുള്ള സ്ഥാപനം)

## സായാഹ്ന ബൈബിൾ ക്ലാസുകൾ

**തിങ്കൾ മുതൽ വെള്ളി വരെ വൈകിട്ട് 6 മുതൽ 8 വരെ**

**സ്ത്രീപുരുഷ ഭേദമെന്യേ ഏതു പ്രായക്കാർക്കും**

കോഴ്സുകൾ: C.Th. ഒരു വർഷം, Dip.Th. 2 വർഷം
B.Th (+2 പാസ്സായവർക്ക്) 3 വർഷം

ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഉദ്യോഗസ്ഥർക്കും ജോലിക്കാർക്കും സുവർണ്ണാവസരം.

**അടുത്ത ബാച്ച് 2013 ജൂലൈ 15ന് ആരംഭിക്കുന്നു**

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫാറത്തിനും ബന്ധപ്പെടുക

രജിസ്ട്രാർ
**ഡോ.സാമുവേൽ സി.ജോസഫ്**
M.Com., M.A., M.Div., D.Litt., Ph.D, Phone: 0471-2316789

ഡീൻ
**ബ്രദർ പി.ജി.മത്തായി** B.A., B.D., M.Th., Ph: 9446503389

പ്രസിഡന്റ്
**പാസ്റ്റർ ബിനു തോമസ്** M.A.B.D., Ph: 9747770091

**പ്രവേശനം സൗജന്യം* ഫീസില്ല***

*മറ്റ് അദ്ധ്യാപകർ*
പാസ്റ്റർ രാജൻ ജെ.ആഷേർ M.A., B.D., D.Min.
പാസ്റ്റർ വി.റ്റി.അലക്സാണ്ടർ B.Sc., M.Div., M.Th.,
റവ.അസര്യാ ജോസഫ് M.A.., B.D.,
പ്രൊഫ.റ്റി.എം.ജോർജ്ജ് M.Sc., B.D., M.Th, M.Phil

## യാത്രയായവർ

### പാസ്റ്റർ പി.കെ. പ്രതാപൻ



മല്ലപ്പള്ളി: ഐ.പി.സി.മല്ലപ്പള്ളി സെന്ററിൽ ഞാലിക്കണ്ടം സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.കെ.പ്രതാപൻ (41) നിര്യാതനായി. ക്യാൻസർ ബാധിച്ച് കഴിഞ്ഞ രണ്ടുവർഷമായി ചികിത്സയിലായിരുന്നു. പന്തളം കുളനട പാലാന്തറയിൽ എന്ന ഹൈന്ദവ ഭവനത്തിൽ ജനിച്ചു. ചെറുപ്രായത്തിൽ യേശുവിനെ കണ്ടുമുട്ടി. 1992 മുതൽ സുവിശേഷ വേലയിലായിരുന്നു. മഹാരാഷ്ട്രയിലും പിന്നീട് ആദിച്ചനല്ലൂർ, നെടുങ്ങാടപ്പള്ളി, കാടിക്കാവ്, കോട്ടൂർ, പയ്യപ്പാടി എന്നീ സഭകളിലും ശുശ്രൂഷിച്ചു. സംസ്ക്കാരം പാസ്റ്റർ കെ.പി. ചാക്കോയുടെ നേതൃത്വത്തിൽ മെയ് 14-ന് നടന്നു. ഭാര്യ: സുനിത, മക്കൾ: പ്രിൻസ്, ബ്ലസൻ

### അമ്മിണി വർഗീസ്



വെട്ടിയാർ: ഐ.പി.സി.ബഥേൽ സഭാ സെക്രട്ടറിയായ ഗ്രേസ് വില്ലയിൽ പി.ഡി.ഗീവർഗീസിന്റെ ഭാര്യ അമ്മിണി വർഗീസ് (62) ജൂൺ 5-ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം 8-ന് സഭാ സെമിത്തേരിയിൽ പാസ്റ്റർ സാം ജോർജ്ജ് നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർമാരായ റജിമോൻ ചാക്കോ, ജോൺസൺ ഏബ്രഹാം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പരേത വഴുവാടി കരയംവട്ടത്ത് കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ റ്റിറ്റി, ബിറ്റു, ജിനി.

# ബാംഗ്ലൂർ ക്രിസ്ത്യൻ കൗൺസലിംഗ് ഫോറം രൂപീകരിച്ചു




ബാംഗ്ലൂർ: കെ.ആർ.പുരം സയോൺ എ.ജി.ഹാളിൽ നടന്ന ബാംഗ്ലൂർ ക്രിസ്ത്യൻ കൗൺസലിംഗ് ഫോറം സംഘടിപ്പിച്ച കൗൺസലിംഗ് സെമിനാറിൽ റവ.ഡോ.കെ.പി.സജി കുമാർ പ്രസംഗിച്ചു. ക്രൈസ്തവ സഭകളിലെ കുടുംബങ്ങൾ, വിദ്യാർത്ഥികൾ, സഭകൾ എന്നിവിടങ്ങളിൽ കൗൺസലിംഗിലൂടെ നേർവഴിക്ക് നടത്തുന്നതിന് രൂപീകരിച്ച ബാംഗ്ലൂർ ക്രിസ്തൃൻ കൗൺസലിംഗ് ഫോറം റവ.സാബു.ജി ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളജ് ലക്ചറർ സ്മിതാ ചാക്കോ സംസാരിച്ചു. റവ.സാജൻ ജോർജ്ജ്, ബിജു വലിയപറമ്പിൽ എന്നിവർ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. റവ.സജി ആൻഡ്രൂസ്, റവ.സൈമൺ ഏബ്രഹാം, കെ.എം.തോമസ്, ചാക്കോ കെ.തോമസ് എന്നിവർ ആശംസകൾ അറിയിച്ചു. പ്രസിഡന്റ് എം.ഒ.ജോർജ്ജ് സ്വാഗതവും, വി.ഒ. തോമസ് നന്ദിയും രേഖപ്പെടുത്തി.

## ഭാരവാഹികൾ

**പെരുമ്പാവൂർ:** ഗോസ്പൽ ഇൻ ആക്ഷൻ ഫെല്ലോഷിപ്പിന്റെ ഭാരവാഹികളായി പാസ്റ്റർ പി.ഒ.ഏലിയാസ് (ഡയറക്ടർ), ഇവാ.സി.ഐസക്ക് (പ്രസിഡന്റ്), കെ.ജെ. മാത്യു (വൈ.പ്രസിഡന്റ്), പാസ്റ്റർ സുരേഷ് കീഴൂർ (ജനറൽ സെക്രട്ടറി), ഇവാ.ജോർജ്ജ് തോമസ്സ് (ട്രഷറർ), ഇവാ.പി.വി.ഐസക്ക് (അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി), ഇവാ.പി.ജെ.ജോൺ (ലിറ്ററേച്ചർ സെക്രട്ടറി), ഇവാ. ടി.വി. ബാബു (ഫീൽഡ് സെക്രട്ടറി), ഇവാ. ബാബുപോൾ (ഫീൽഡ് സെക്രട്ടറി), പാസ്റ്റർ പി.ഡി.ദാസ്(പ്രമോഷണൽ സെക്രട്ടറി), ഇവാ.സി.ടി.ബേബി (പ്രെയർ സെക്രട്ടറി) എന്നിവരടങ്ങുന്ന പതിനൊന്നംഗ കമ്മറ്റിയെ തെരെഞ്ഞെടുത്തു.

## സെമിനാർ

തിരുവല്ല: ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ജൂൺ 1 ന് തിരുവല്ല വൈ.എം.സി.എ.യിൽ സെമിനാർ നടന്നു. പ്രസിഡന്റ് പാസ്റ്റർ പി.ജി.മാത്യുസിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ.ജയിംസ് സെമിനാർ ഉദ്ഘാടനം ചെയതു. രക്ഷാധികാരി സുവി.പി.ഐ.ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തി. കൊച്ചിൻ മുസരിസ് ബിനാലെ എഡിറ്റോറിയൽ ഡയറക്ടർ സുവി.സബിൻ ഇക്ബാൽ എത്തിക്സ് & എലിമെന്റ്സ് ഓഫ് റൈറ്റിംഗ്സ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു.

## പെന്തെക്കോസ്ത് മിഷൻ സംസ്ഥാന ശുശ്രൂഷക സമ്മേളനം

കൊട്ടാരക്കര: കേരളത്തിലെ ദി പെന്തെക്കോസ്ത് മിഷൻ സഭകളുടെ സംസ്ഥാന ശുശ്രൂഷക സമ്മേളനം ജൂൺ 17-19 വരെ കൊട്ടാരക്കര സെന്റർ സഭാ ഹാളിലും, 19-21 വരെ തിരുവല്ലാ സെന്റർ സഭാ ഹാളിലും, 24-26 വരെ തൃശൂർ സെന്റർ സഭാ ഹാളിലും നടക്കും.

## ബൈബിൾ ക്ലാസ്

തിരുവല്ല: വെള്ളക്കിണർ ഐ.പി.സി. ഫിലദെൽഫ്യാ ചർച്ചിൽ ജൂൺ 13-15 വരെ ബൈബിൾ ക്ലാസുകൾ നടക്കുന്നു. റവ.പി.ഐ.ഏബ്രഹാം ക്ലാസുകൾ നയിക്കുന്നു.

## പഠന ഉപകരണ വിതരണം

വെള്ളറട: ഐ.പി.സി.കാക്കത്തുരുത്ത് സഭയുടെ ആഭിമുഖ്യത്തിൽ ജൂൺ 2-ന് 50 കുട്ടികൾക്ക് പഠന ഉപകരണങ്ങൾ വിതരണം ചെയ്തു. സുവി.ഏബ്രഹാം സാർ അദ്ധ്യക്ഷത വഹിച്ചു. സുവി.ജോൺ റോസ് മുഖ്യ സന്ദേശം നൽകി. പാസ്റ്റർ എസ്.ഇ. ജ്ഞാനദാസ് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ബിനു, ആൽബർട്ട് എന്നിവർ നേതൃത്വം നൽകി.


**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ**

**ഗോവയിലേക്ക് സ്വാഗതം**

ആരാധന: ഞായർ 10.30 am 12.30 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10am- 1 pm
ബൈബിൾ സ്റ്റഡി: ശനിയാഴ്ച 7 pm - 8.30 pm

Contact: **PR.SAJI MATHEW,**
Fermino Appartment, St.Mary Colony,
Miramar, Panjim, Goa-403001
**Ph: 08108233413, 8975440507, 9405921084**



**GRACE CONSULTANCY (Regd)**
Kerala: 9947118722, 9495834792
AP: 040-24021981, 09032673083, 08374423010

റാഗിംഗ് ഭയം കൂടാതെ നേഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന പെൺകുട്ടികളുടെ മാതാപിതാക്കളുടെ ശ്രദ്ധക്ക്:

**അഡ്മിഷൻ നൽകുന്ന സ്ഥാപനങ്ങൾ:**
1. KALANJALI COLLEGE OF NURSING
2. SWAPNA SCHOOL OF NURSING (SWAPNA HOSPITAL)

കഴിഞ്ഞ 32 വർഷമായി ഹൈദരബാദിൽ സ്ഥിരതാമസവും അനേക നേഴ്സിംഗ് സ്കൂളുകളിലെ കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കയും ചെയ്യുന്ന പാസ്റ്റർ ബാബു രാജൻ അഡ്മിനിസ്ട്രേറ്ററായി നടത്തുന്ന കലാഞ്ചലി കോളജ് ഓഫ് നേഴ്സിംഗ്, സ്വപ്ന സ്കൂൾ ഓഫ് നേഴ്സിംഗ് എന്നീ സ്ഥാപനങ്ങളിൽ അഡ്മിഷന് താത്പര്യമുള്ളവർ ബന്ധപ്പെടുക.

Engineering പഠനം ആഗ്രഹിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കുറഞ്ഞ ഫീസിൽ, എല്ലാ അംഗീകാരങ്ങളുമുള്ള Engineering College-ൽ അഡ്മിഷൻ നൽകപ്പെടുന്നു. IBM അംഗീകാരമുള്ള AP യിലെ ഏക ഇൻസ്റ്റിറ്റ്യൂഷനിലും, 100% placement ഉള്ളതുമായ എഞ്ചിനിയറിംഗ് കോളജിലും, പെൺകുട്ടികൾക്ക് മാത്രമുള്ള എഞ്ചിനിയറിംഗ് കോളജിലും അഡ്മിഷൻ നൽകപ്പെടുന്നു.

1. Dhruva Engineering Institution 2. Netaji Engineering Institution 3. Noble Engineering Institution.

NB: നേഴ്സിംഗ് സംബന്ധമായ എല്ലാ സർട്ടിഫിക്കറ്റുകളും ഉത്തരവാദിത്വത്തോടുകൂടി ചെയ്തു കൊടുക്കും.

Address: N. Babu Rajan, H.No. 3-10-425, G.J. colony, LB Nagar P.O., Hyderabad - 74



**വീട്ടമ്മമാർക്ക് ഒരു സന്തോഷവാർത്ത**

വൃത്തിയുള്ള അടുക്കള
വെടിപ്പുള്ള ഭവനം

**CLEAN & BRIGHT**
LIQUID SOAP
KOTTAYAM - 686521



കഴിഞ്ഞ ഒൻപതു വർഷങ്ങളായി ഉപഭോക്താക്കളിൽ നൂറു ശതമാനം ജനസമ്മിതി നേടിയിട്ടുള്ളതും ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും വീണ്ടും ചോദിച്ചു വാങ്ങുന്നതും ലോകോത്തര ഗുണനിലവാരം പുലർത്തുന്നതും അലർജി നിമിത്തം യാതൊരുസോപ്പുല്പന്നങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തവർ തിരഞ്ഞെടുക്കുന്നതുമായ **ക്ലീൻ ആന്റ് ബ്രൈറ്റ് സോപ്പ് ലിക്വിഡ്** അയൽവീടുകൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. ഉയർന്ന കമ്മീഷൻ നൽകുന്നു. ഗുണത്തിൽ മെച്ചം വിലയിൽ തുച്ഛം.

കഴിഞ്ഞ ഒൻപത് വർഷങ്ങളായി ഉപഭോക്താക്കളുടെ ഇടയിൽ സമുന്നത ജനസമ്മതി നേടിയിട്ടുള്ളതും ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും വീണ്ടും ചോദിച്ചു വാങ്ങുന്നതും ഒരേ ബോട്ടിലിൽ നിന്ന് ആറുവിധ ആവശ്യങ്ങൾക്ക് ഉപകരിക്കുന്നതും അലർജി നിമിത്തം യാതൊരുവിധ സോപ്പ് ഉല്പന്നങ്ങളും ഉപയോഗിച്ചു കൂടാത്തവർ ഇഷ്ടപ്പെടുന്നതുമായ ഉത്പന്നം.

കൂടുതൽ വിവരങ്ങൾക്ക് :9495509822



**ആവശ്യമുണ്ട്**

*കോഴിക്കോട് ജില്ലയിൽ കുന്നമംഗലം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ബെറേഖാ ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിലേക്ക് സ്റ്റാഫിനെ ആവശ്യമുണ്ട്.*

1. **പാസ്റ്റർ + വാർഡൻ**
   വിവാഹിതരും ബൈബിൾ കോളജിൽ പഠിച്ചവരും ആയിരിക്കണം.
2. **തയ്യൽ ടീച്ചർ:** സ്ഥാപനത്തിലെ കുട്ടികളെ തയ്യൽ പഠിപ്പിക്കുവാനും തയിക്കുവാനും താത്പര്യമുള്ളവർ
3. **ബറേഖാ ഓർഫനേജ് & ചിൽഡ്രൻസ് ഹോമിനോട്** ചേർന്ന് പഠിക്കുവാൻ പെൺകുട്ടികൾക്ക് പരിമിതമായ സീറ്റുകൾ ശേഷിക്കുന്നു. 5 വയസ് മുതൽ പ്രായമുള്ളവർക്ക് അഡ്മിഷന് ബന്ധപ്പെടാം.

**ഫോൺ: 9446951786, 0495-2805023**



**ആവശ്യമുണ്ട്**

**കുവൈറ്റിലെ ഒരു പ്രമുഖ കമ്പനിയിലേക്ക് സെക്യുരിറ്റി ഗാർഡിനെ ആവശ്യമുണ്ട്.**

യോഗ്യത: S.S.L.C.Pass
വയസ്: 25 മുതൽ 40 വരെ
ഉയരം: 165 സെമീ (5'5) മുകളിലോട്ട്
ഇംഗ്ലീഷ് നന്നായി സംസാരിക്കുവാനും, വായിക്കുവാനും, എഴുതുവാനും അറിഞ്ഞിരിക്കണം.
ശമ്പളം: 85 കുവൈറ്റ് ദിനാർ+ആഹാരം+താമസം+8 മണിക്കൂർ ജോലി + 4 മണിക്കൂർ ഓവർ ടൈം.

ഇന്റർവ്യൂ ഉണ്ടായിരിക്കുന്നതാണ്. പാസ്പോർട്ട് ഉള്ളവരും പോകുവാൻ താൽപ്പര്യമുള്ളവരും മാത്രം നേരിൽ ഓഫീസുമായി ബന്ധപ്പെടുക. മിതമായ സർവ്വീസിംഗ് ചാർജ്ജ് ഉണ്ടായിരിക്കുന്നതാണ്. കഴിവതും ഓഫീസ് ടൈമിൽ ബന്ധപ്പെടുക.

**ഫോൺ: 9446513785, 9605082929**

